# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 3 | പേജ് 6 | ഡിസംബർ 1–15



2 ഒട്ടകവും സൂചിക്കുഴലും

3 മാനങ്ങൾ നൽകുന്ന ക്രിസ്തുമസ്സ്

4 മഹാസമ്മേളനം

5 പത്തനാപുരത്ത് ശ്രാദ്ധപ്പെരുന്നാൾ


# കൊച്ചിയെ ജനസാഗരമാക്കി മാറ്റിയ കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനം

## വിശ്വാസികൾ ഹർഷാരവത്തോടെ സ്വീകരിച്ച പ.കാതോലിക്കാ ബാവായുടെ സമാധാന ആഹ്വാനം; വിദേശമേൽക്കോയ്മക്കെതിരെ പ്രതിജ്ഞ പുതുക്കിക്കൊണ്ട് ശതാബ്ദി പ്രതിജ്ഞ

കൊച്ചി : കൊച്ചി നഗരത്തെ അക്ഷരാർത്ഥത്തിൽ ജനസാഗരമാക്കി മാറ്റിക്കൊണ്ട് കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ആവേശകരമായ സമാപന സമ്മേളനം മറൈൻഡ്രൈവിൽ നടന്നു. പ.കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ച മഹാസംഗമം ടിബറ്റൻ ജനതയുടെ ആത്മീയ നേതാവ് ദലൈ ലാമ ഉദ്ഘാടനം ചെയ്തു. മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാം മുഖ്യ പ്രഭാഷണം നടത്തി. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ശതാബ്ദി സ്മരണികയുടെ പ്രകാശനം നിർവ്വഹിച്ചു. കേന്ദ്രമന്ത്രി കെ.വി.തോമസ്, സീറോ മലബാർ സഭയുടെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, കൽദായ ആർച്ച് ബിഷപ്പ് ഡോ.മാർ അപ്രേം, സി.പി.എം.പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ, എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് വി.മുരളീധരൻ തുടങ്ങിയവർ സമ്മേളനത്തിൽ പ്രസംഗിച്ചു.

മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിൽനിന്നും ഇടവകകളിൽനിന്നും തലേദിവസം മുതൽ വിശ്വാസികൾ കൊച്ചിയിൽ എത്തിയിരുന്നു. ഞായറാഴ്ച അതിരാവിലെ തന്നെ നടന്ന വിവിധ പള്ളികളിലെ വി.കുർബ്ബാനയ്ക്കുശേഷം ഉച്ചയോടെ ആയിരക്കണക്കിനു വിശ്വാസികളാണ് എറണാകുളത്ത് എത്തിച്ചേർന്നത്. ബോംബെയിൽനിന്ന് പ്രത്യേക ട്രെയിൻ ബുക്ക് ചെയ്താണ് വൈദികരും വിശ്വാസികളും എത്തിയത്. ബാഹ്യകേരളാ ഭദ്രാസനങ്ങളിൽനിന്നും ഇന്ത്യയ്ക്ക് പുറത്തുള്ള ഭദ്രാസനങ്ങളിൽനിന്നും നൂറുകണക്കിന് വിശ്വാസികളെത്തിയിരുന്നു. തിരുവനന്തപുരം മുതൽ മലബാർ വരെയുള്ള എല്ലാ ഭദ്രാസനങ്ങളിൽനിന്നും ഇടവകകളിൽനിന്നും വൈദികരും വിശ്വാസികളും എത്തിച്ചേർന്നതോടെ സമ്മേളനസ്ഥലമായ മറൈൻഡ്രൈവ് (ബസ്സേലിയോസ് മാർത്തോമ്മാ നഗർ) ജനസാഗരമായി മാറി. കാതോലിക്കേറ്റ് പതാകയുമേന്തി സമ്മേളനവേദിക്കും പുറത്തും ആയിരങ്ങളാണ് അണിനിരന്നത്. മനോഹരമായ പുഷ്പങ്ങൾകൊണ്ട് അലങ്കരിച്ച വേദിയിൽ

(ശേഷം പേജ് 4–ൽ)

## മലങ്കരസഭയിൽ ഐക്യവും സമാധാനവും ഉണ്ടാകണം : പ.കാതോലിക്കാ ബാവാ

കൊച്ചി : മലങ്കരസഭയിൽ ഐക്യവും സമാധാനവും ഉണ്ടാകണമെന്നും സമാധാനസ്ഥാപനത്തിനുവേണ്ടി ക്ഷമിക്കാനും പൊറുക്കാനും തയ്യാറാണെന്നും പ.കാതോലിക്കാ ബാവാ പറഞ്ഞു. സഭയിൽ കേസുകളും കലഹങ്ങളും നിലനിൽക്കുന്നത് പ്രതീക്ഷയ്ക്ക് വിരുദ്ധമാണ്. അതേസമയംതന്നെ സഭയുടെ ആവശ്യങ്ങൾക്ക് നീതിപൂർവ്വമായ പരിഗണനയും പരിരക്ഷയും ലഭ്യമാകണം – പ.ബാവാ പറഞ്ഞു. കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു പ.ബാവാ. ഒരേ രക്തവും ഒരേ കുടുംബവുമായി കഴിഞ്ഞ നമ്മുടെ ഐക്യം തകർത്തതാരാണ്. എല്ലാ ധാരണകളെയും ഉഭയസമ്മതങ്ങളെയും കാറ്റിൽ പറത്തുന്നത് ആരാണ് എന്ന് തിരിച്ചറിയണമെന്ന് പ.ബാവാ പറഞ്ഞു. സഹോദരസഭകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിനെ എതിർക്കുന്നവർ വളരെ ചുരുക്കമാണെന്നും പ.ബാവാ ഓർമ്മിപ്പിച്ചു. കോടതികൾ ശരിവെച്ച നീതിപൂർവ്വമായ സഭയുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിൽ ഭരണനേതൃത്വം ധീരമായി പ്രവർത്തിക്കണമെന്നും പ.ബാവാ പറഞ്ഞു.

## ഇന്ത്യയുടെ സാഹോദര്യസന്ദേശം ലോകത്തിനു മാതൃക : ദലൈലാമ

കൊച്ചി : സാഹോദര്യത്തിന്റെ സന്ദേശം നൽകുന്ന ഭാരതം ലോകത്തിന് മാതൃകയാണെന്നു ടിബറ്റൻ ജനതയുടെ ആത്മീയാചാര്യൻ ദലൈലാമ പറഞ്ഞു. വ്യത്യസ്ത പാരമ്പര്യങ്ങളിലുള്ളവരുടെ സൗഹാർദ്ദപരമായ ജീവിതമാണ് ഇന്ത്യ ലോകത്തിന് നൽകുന്ന ഏറ്റവും നല്ല സന്ദേശമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്ത് മറ്റൊരിടത്തും കാണാത്തതിൻവണ്ണം ഹിന്ദു-മുസ്ലീം-ജൈന-ബുദ്ധ-പാഴ്സി-ക്രിസ്ത്യൻ-സിഖ് മതവിശ്വാസങ്ങൾ ഭാരത്തിൽ തഴച്ചുവളർന്നു. വ്യത്യസ്ത മതങ്ങൾ എങ്ങനെ സൗഹൃദപരമായി ഒന്നിച്ച് സഹവർത്തിക്കുവാൻ സാധിക്കുമെന്ന് ഭാരതം ലോകത്തിന് കാണിച്ചുകൊടുത്തു എന്നും ദലൈലാമ പറഞ്ഞു. കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമം ഉദ്ഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു ദലൈലാമ.

## ക്രൈസ്തവസഭകളുടെ സംഭാവനകൾ അമൂല്യം : ഡോ.അബ്ദുൾ കലാം

കൊച്ചി : രാജ്യത്തിന്റെ ശാസ്ത്ര-വ്യവസായിക പുരോഗതിക്ക് ക്രൈസ്തവ സമൂഹം നൽകിയിട്ടുള്ള സംഭാവനകൾ അവിസ്മരണീയമാണെന്ന് മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാം പ്രസ്താവിച്ചു. മലയാളത്തിലായിരുന്നു ഡോ.കലാം പ്രസംഗം ആരംഭിച്ചത്. “മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് സംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനാണ്. എല്ലാ ഓർത്തഡോക്സ് സഭാവിശ്വാസികൾക്കും എന്റെ നമസ്ക്കാരം” എന്ന് ഡോ.അബ്ദുൾ കലാം പറഞ്ഞപ്പോൾ ഹർഷാരവത്തോടെ സദസ്സ് മുൻ രാഷ്ട്രപതിയുടെ പ്രസംഗത്തെ സ്വീകരിച്ചു. സഭകളെക്കുറിച്ചും മതവും വിദ്യാഭ്യാസവും ശാസ്ത്രവും എല്ലാം ഒന്നിച്ചുചേർത്തായിരുന്നു മുൻ രാഷ്ട്രപതിയുടെ വിജ്ഞാനപ്രഭാഷണം.

## പ.കാതോലിക്കാ ബാവാ നന്ദി പ്രദർശിപ്പിച്ചു

കോട്ടയം : കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം വിജയകരമാക്കുവാൻ പ്രവർത്തിച്ചവരോടും സമ്മേളനത്തിൽ സംബന്ധിച്ചവരോടും നന്ദി പ്രദർശിപ്പിച്ചുകൊണ്ട് പ.കാതോലിക്കാ ബാവാ പുറപ്പെടുവിച്ച കല്പനയുടെ പ്രസക്തഭാഗങ്ങൾ:-

പരിശുദ്ധസഭയുടെ യശ്ശസ്സ് വാനോളം ഉയരത്തക്കരീതിയിൽ ഏറ്റം അനുഗ്രഹപ്രദമായി കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധസഭയെ ജീവനുതുല്യം സ്നേഹിക്കുന്ന നിങ്ങളോരോരുത്തരും സാന്നിധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും ഈ മഹാസമ്മേളനത്തിന്റെ വിജയത്തിനായി ഒരുമനസ്സോടെ പ്രവർത്തിച്ചു എന്നത് ഏറെ സന്തോഷത്തോടുകൂടി നാം ഓർക്കുന്നു. 2012 നവംബർ 25-ാം തീയതി എറണാകുളം മറൈൻഡ്രൈവിൽ നടന്ന ശതാബ്ദി സമ്മേളനവും അനുബന്ധ പരിപാടികളും സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു പുതിയ അദ്ധ്യായം രചിച്ചിരിക്കുകയാണ്. പ.സഭയുടെ തദ്ദേശീയ സ്വഭാവവും പൗരാണികതയും സ്വാതന്ത്ര്യവും ആഗോളതലത്തിൽ അംഗീകരിക്കപ്പെടത്തക്കവിധം, മാതൃകാപരമായി ഈ മഹാസമ്മേളനം നടത്തുന്നതിന് യത്നിച്ച ഏവരോടുമുള്ള നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് കടന്നുവന്ന് സമ്മേളനം ധന്യമാക്കിയ H.H. ദലൈലാമ, ഇന്ത്യയുടെ മുൻ പ്രസിഡന്റ് A.P.J.Abdul Kalam എന്നീ മഹനീയ വ്യക്തിത്വങ്ങളോടും, രാഷ്ട്രീയ – സാമൂഹ്യ – ആത്മീയ മണ്ഡലങ്ങളിലെ പ്രമുഖ നേതാക്കളോടും, മാധ്യമപ്രവർത്തകരോടും, ഗവൺമെന്റ് അധികാരികളോടുമുള്ള നമ്മുടെ സന്തോഷവും നന്ദിയും അറിയിക്കട്ടെ.

(ശേഷം പേജ് 4–ൽ)

## നൂറ്റാണ്ടുകൾക്കുമുമ്പ് കൊച്ചി കായലിന്റെ അങ്ങേകരയിൽ നടന്ന പ്രതിജ്ഞ അനുസ്മരിച്ചുകൊണ്ട് ഇങ്ങേകരയിൽ നടന്ന മഹാസമ്മേളനം

ഫാ.ഡോ.എം.ഒ.ജോൺ

വിദേശാധിപത്യത്തിനെതിരെ മലങ്കര നസ്രാണി ചരിത്രത്തിൽ 1653–ൽ നടന്ന അവിസ്മരണീയമായ കൂനൻകുരിശ് സത്യത്തെ വീണ്ടും ഒരിക്കൽക്കൂടി അനുസ്മരിക്കുന്നതായിരുന്നു കൊച്ചി മറൈൻഡ്രൈവിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം. ശതാബ്ദി പ്രതിജ്ഞ ചൊല്ലിക്കൊടുത്ത അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ അക്കാര്യം വ്യക്തമായി ചൂണ്ടിക്കാട്ടിയശേഷമാണ് പ്രതിജ്ഞചൊല്ലാൻ ആരംഭിച്ചത്. സ്വദേശത്തും വിദേശത്തുമുള്ള മലങ്കരസഭയുടെ വിവിധ ഇടവകകളിൽനിന്ന് സ്ത്രീകളും കുട്ടുകളും ഉൾപ്പെടെ പതിനായിരങ്ങളാണ് കൊച്ചി മറൈൻഡ്രൈവിലേക്ക് ഒഴുകിയെത്തിയത്.

വിദേശാധിപത്യത്തിനെതിരെയുള്ള മലങ്കരസഭയുടെ മുന്നേറ്റങ്ങളുടെ പരിണിത ഫലങ്ങളായിരുന്നു 1653-ലെ കൂനൻകുരിശ് സത്യവും 1912-ലെ കാതോലിക്കേറ്റ് സ്ഥാപനവും. 1599-ലെ ഉദയംപേരൂർ സുന്നഹദോസിലൂടെ മലങ്കരസഭയുടെ മേൽ സ്ഥാപിതമായ റോമാപാപ്പായുടെ അധികാരത്തെ വലിച്ചെറിയുന്നതായിരുന്നു കൂനൻകുരിശ് സത്യം.

മലങ്കരസഭാമക്കളെ റോമൻ ആധിപത്യത്തിൽനിന്നു സംരക്ഷിച്ച് പൗരസ്ത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ എത്തിയ അഹത്തുള്ളാ ബാവായെ പോർട്ടുഗീസുകാർ പിടികൂടി മൈലാപ്പൂരിൽ ബന്ധനസ്ഥനാക്കി. അവിടെനിന്ന് അദ്ദേഹത്തെ പോർട്ടുഗീസ് കോട്ടയായ ഗോവയിലേക്ക് കൊണ്ടുപോകുന്നതിനായി വിലങ്ങിട്ടു കൊച്ചിയിൽകൊണ്ടുവന്നു. ഈ വിവരം അറിഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ ഒരു വലിയ സംഘമായി കൊച്ചി രാജാവിന്റെ സന്നിധിയിൽ ചെന്നു അവരുടെ മേലദ്ധ്യക്ഷന്റെ വിടുതലിനുവേണ്ടി പോർട്ടുഗീസുകാരുടെ അടുക്കൽ ശുപാർശ ചെയ്യുന്നതിനു അപേക്ഷിച്ചു. കൊച്ചിയിലെ രാജാവ് സുറിയാനിക്കാരായ തന്റെ പ്രജകളുടെ അഭ്യർത്ഥനാനുസരണം പോർട്ടുഗീസുകാരോട് വാദിച്ചെങ്കിലും അദ്ദേഹം അവരുടെ സംഭാവനകളാൽ മയങ്ങിപ്പോയി. എന്നാൽ നിവർത്തിയുള്ള പക്ഷം ബലമായി ബാവായെ വിടുവിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി അയ്യായിരം സുറിയാനിക്കാർ കൊച്ചി കോട്ടയിൽ പ്രവേശിക്കുന്നതിനു ശ്രമിച്ചു. കോട്ടയിലെ അധിപന്മാർ ഭയന്ന് കോട്ടവാതിലുകൾ ബന്ധിച്ച് യുദ്ധോപകരണങ്ങളും സജ്ജീകരിച്ചു. ഇതിനോടിടയ്ക്ക് അവർ

(ശേഷം പേജ് 4–ൽ)

# ഒട്ടകവും സൂചിക്കുഴലും

വി.കെ.തമ്പി അടൂർ

സമവീക്ഷണ സുവിശേഷങ്ങളിൽ ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമുണ്ട്. ധനവാനായ ഒരു ചെറുപ്പക്കാരൻ (ഒരു യഹൂദപ്രമാണിയെന്ന് ലൂക്കോസ്) വന്ന് യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി തന്റെ ആദരവ് പ്രകടിപ്പിച്ചു. അവൻ യേശുവിനോട് ചോദിച്ചു നല്ല ഗുരോ ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തുചെയ്യണം. അവന്റെ ഉദ്ദേശശുദ്ധിയിൽ യേശുവിന് ഒട്ടും സംശയമില്ലായിരുന്നു. അറിയുവാനുള്ള ആഗ്രഹത്തോടുകൂടി തന്നെയാണ് അവൻ യേശുവിന്റെ അടുക്കൽ വന്നത്. അറിവിനെക്കുറിച്ചുള്ള പഠനത്തിനാണ് എപ്പിസ്റ്റെമോളജി എന്നു പറയുന്നത്. നിത്യജീവനെക്കുറിച്ച് ആധികാരികമായി പറഞ്ഞുതരുവാൻ യേശുവിന് മാത്രമെ സാധിക്കുകയുള്ളുവെന്ന് അവന് മനസ്സിലായി. യേശുവിന് ചെറുപ്പക്കാരന്റെ ചോദ്യം ഇഷ്ടപ്പെട്ടു. കാരണം അവൻ ഒരു നല്ല ചോദ്യം തന്നെയാണ് ചോദിച്ചിരിക്കുന്നത്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ഒരു നല്ല ചോദ്യത്തിനു മാത്രമെ നല്ല ഉത്തരം ലഭിക്കുകയുള്ളു. നല്ല ചോദ്യം എന്തെന്നറിയുന്നത് യുദ്ധം പകുതി ജയിച്ചതിനു തുല്യമാണ്.

വിശ്വാസികളുടെ നിത്യജീവന്റെ പ്രത്യാശ സ്വർഗ്ഗമാണ് ദൈവരാജ്യം. സ്വർഗ്ഗത്തിന് ഏഴ് വ്യത്യസ്ത നിലകളുള്ള വാസസ്ഥലങ്ങൾ ഉള്ളതായി എബ്രായർ വിശ്വസിക്കുന്നു. അതിൽ മൂന്നാം സ്വർഗ്ഗം പറുദീസാ ആയി അവകാശപ്പെട്ടിരുന്നു. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനും കൺവൻഷൻ പ്രാസംഗികനുമായ റവ.ഡോ.ഒസ്വാൾഡ് ജെ.സ്മിത്ത് (ഇംഗ്ലണ്ട്) തന്റെ ദി കൺട്രി ഐ ലൗ ബെസ്റ്റ് എന്ന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 135 രാജ്യങ്ങളിൽ ഞാൻ പര്യടനം നടത്തി. അതിൽ ഞാൻ ഏറ്റവും അധികം സ്നേഹിക്കുന്ന രാജ്യം ഇംഗ്ലണ്ടാണ്. എന്നാൽ എന്റെ മാതൃരാജ്യമായ ഇംഗ്ലണ്ടിനേക്കാൾ ഞാൻ സ്നേഹിക്കുന്നത് ദൈവരാജ്യമാണ്. ദൈവരാജ്യത്തിൽ ലഭ്യമാകുന്ന നിത്യജീവനെ പ്രാപിക്കേണ്ടതിന് എന്തുചെയ്യണമെന്ന് അറിയുവാനുള്ള യഹൂദാ ചെറുപ്പക്കാരന്റെ ആകാംഷ അപലഷണീയംതന്നെ.

നിത്യജീവനെ അവകാശമാക്കുവാൻ കല്പനകൾ അറിഞ്ഞിരിക്കേണ്ടതും അവ ജീവിതത്തിൽ പാലിക്കേണ്ടതുമാണ്. പത്തു കൽപനകളിൽ ആദ്യത്തേത് നാലെണ്ണം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെയും തുടർന്നുള്ള ആറെണ്ണം മനുഷ്യനും മനുഷ്യനും (സമൂഹവും) തമ്മിലുള്ള ബന്ധത്തെയും കുറിക്കുന്നു. യേശു അവനോട് കല്പനകളുടെ രണ്ടാം ഭാഗം അനുസരിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് അവ ജീവിതത്തിൽ പാലിക്കുന്നുണ്ട് എന്ന് അവൻ മറുപടി നൽകി. മനുഷ്യൻ ഒരു സമൂഹ്യജീവിയാണ്. ഒന്നുകൊണ്ട് അറിയണം രണ്ടിന്റെ ബലം എന്ന ന്യായത്തിൽ മനുഷ്യനും സമൂഹവുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുന്നവർ സ്വാഭാവികമായി ദൈവവുമായുള്ള ബന്ധത്തിലും ശ്രദ്ധയുള്ളവനായിരിക്കും എന്ന് അനുമാനിക്കാം. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു. ഒരു കുറവ് നിനക്കുണ്ട്. നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവനാകകൊണ്ടും ധനം കൈവിട്ടുപോകാൻ മടിയുള്ളതുകൊണ്ടും ദുഃഖിതനായി അവിടെനിന്നും പോയി.

യേശു ചുറ്റും നോക്കി തന്റെ ശിഷ്യന്മാരോട് പറഞ്ഞു സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നത് എത്ര എളുപ്പം എന്നു പറഞ്ഞു. ഒട്ടകവും സൂചിക്കുഴലും എന്നതിന് ധാരാളം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒട്ടകത്തെ മരുഭൂമിയിലെ കപ്പൽ എന്നു വിളിക്കുന്നു. പലസ്തീൻ നാട്ടിലെ ഏറ്റവും വലിപ്പം കൂടിയ മൃഗമാണ് ഒട്ടകം. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതിനെക്കാൾ ശ്രമകരമാണ് എന്ന് യേശു പറഞ്ഞതിനെ അക്ഷരാർത്ഥത്തിൽ തന്നെ എടുക്കാം. അതുകൊണ്ട് യേശു ധനത്തിലും ധനവാൻമാർക്കും എതിരാണ് എന്ന ഒരു ധ്വനി പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ വേദപുസ്തകം പരിശോധിച്ചാൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിന് ധനം ഒരു തടസ്സമല്ല എന്നു കാണാം. ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുന്ന അബ്രഹാം അക്കാലത്തെ ഒരു വലിയ സമ്പന്നൻ ആയിരുന്നു. മരണശേഷം അബ്രഹാമിന്റെ മടിയിൽ നമ്മെ പാർപ്പിക്കണമെ എന്ന് നാം പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ സ്വന്ത ഹൃദയമുള്ളവൻ എന്നറിയപ്പെടുന്ന ദാവീദ് രാജാവും സമ്പത്തിൽ ഒട്ടും കുറവുള്ളവനായിരുന്നില്ല. യഹോവയ്ക്കു പ്രിയപ്പെട്ടവൻ എന്നർത്ഥമുള്ള യദിത്യാവ് എന്നു പേരുള്ള ശലോമോനും ജ്ഞാനത്തിലും സമ്പത്തിലും ഉയർന്നവനായിരുന്നു. ഒരു കാല്പനിക പുസ്തകമായ ഇയ്യോബിൽ ഇയ്യോബിന് ഏഴായിരം ആടും മൂവായിരം ഒട്ടകവും അഞ്ഞൂറ് ഏർകാളയും അഞ്ഞൂറ് പെൺകഴുതയുമായ മൃഗസമ്പത്തും ഏറ്റവും വളരെ ദാസജനവും ഉണ്ടായിരുന്നതായി പറയുന്നു. എന്റെ ദാസനായ ഇയ്യോബിൻമേൽ നീ ദൃഷ്ടിവെയ്ക്കരുത് എന്നാണ് യഹോവ സാത്താനോട് പറഞ്ഞത്. സാത്താന്റെ പരീക്ഷണത്തിലകപ്പെട്ട് സകലവും നഷ്ടപ്പെട്ട ഇയ്യോബിന് പരീക്ഷണകാലത്തെ അതിജീവിച്ചപ്പോൾ ദൈവം മുമ്പെ ഉണ്ടായിരുന്നതൊക്കെയും അവന് ഇരട്ടിയായിക്കൊടുത്തു. പുതിയനിയമം പരിശോധിക്കുമ്പോൾ യേശു തന്റെ ശിഷ്യന്മാരുമായി അന്ത്യ അത്താഴം കഴിച്ച മാളികയുടെ ഉടമസ്ഥനായ മർക്കോസ് ധനികനായിരുന്നുവെന്ന് കാണാം. സിക്കമൂർ മരത്തിന്റെ ഇലയുടെയിടയിൽ മറഞ്ഞിരുന്ന് യേശുവിനെ കാണാൻ ശ്രമിച്ച ചുങ്കക്കാരിൽ പ്രധാനിയും ധനവാനുമായ സക്കായിയെ വിളിച്ചിറക്കി യേശു അന്നേ ദിവസം അവന്റെ വീട്ടിൽ പാർത്തു. യേശുവിന്റെ ശരീരം കുരിശിൽനിന്നിറക്കി കല്ലറയിൽവെച്ച് അടക്കം ചെയ്ത അരിമത്യാക്കാരൻ (യഹോവയുടെ മരണത്തിന്റെ വെളിച്ചം എന്നർത്ഥം) ജോസഫ് ഒരു ധനികനായിരുന്നു. അതുകൊണ്ട് ദൈവം ധനത്തിനോ ധനവാന്മാർക്കോ എതിരാണെന്നോ സമ്പത്ത് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിന് തടസ്സമാണെന്നോ ഉള്ള അനുമാനത്തിൽ എത്താൻ വിഷമമാണ്.

ധനം തിന്മയല്ല. ധനത്തോടുള്ള ഒരുവന്റെ മനോഭാവമാണ് പ്രധാനം. ധനത്തിന് ഉടമസ്ഥന്മാരില്ല, കാര്യസ്ഥന്മാരേയുള്ളു. ധനം എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ളതാണ് ഒരുവൻ സ്വർഗ്ഗരാജ്യത്തിന് അവകാശി ആകുന്നോ അല്ലയോ എന്നു തീരുമാനിക്കുന്ന ഘടകം. ദൈവം തന്നിട്ടുള്ള ധനം മറ്റുള്ളവർക്കുകൂടി പ്രയോജനം കിട്ടത്തക്കവിധം ചെലവഴിക്കുമ്പോൾ മാത്രമെ നമ്മെക്കുറിച്ചുള്ള ദൈവഹിതം നിറവേറുകയുള്ളു. ക്രിസ്തീയ ജീവിതം പങ്കുവെയ്ക്കലിന്റെ ജീവിതമാണ്. സരാഫത്തിലെ ദരിദ്രയായ വിധവ ഉള്ള ആഹാരം പ്രവാചകനുമായി പങ്കുവെച്ചപ്പോൾ ക്ഷാമകാലം തീരുവോളമുള്ള അതിജീവനത്തിന്റെ വക ദൈവം അവൾക്കു കൊടുത്തു. അതുകൊണ്ട് നല്ല കാര്യസ്ഥന്മാരായി കയ്യിലുള്ള സമ്പത്ത് ഇല്ലാത്തവർക്കുകൂടി കിട്ടത്തക്കവണ്ണം ചെലവഴിക്കുമ്പോൾ ധനം സ്വർഗ്ഗരാജ്യപ്രവേശനത്തിന് ഒരു തടസ്സമായി തീരുന്നില്ല.

ലബനീസ് കവിയായ ഖലീൽ ജിബ്രാൻ എഴുതിയ കൊടുക്കലിനെയും വാങ്ങലിനെയും കുറിച്ചുള്ള കഥ ഇപ്രകാരമാണ്. ഒരു പാത്രം നിറയെ സൂചികളുള്ള ഒരു മനുഷ്യൻ ഒരിക്കൽ ജീവിച്ചിരുന്നു. ഒരുദിവസം യേശുവിന്റെ അമ്മ അവന്റെ അടുത്തുവന്ന് പറഞ്ഞു. സുഹൃത്തേ എന്റെ മകന്റെ ഉടുപ്പ് കീറിപ്പറിഞ്ഞിരിക്കുന്നു. ദേവാലയത്തിൽ പോകുന്നതിനു മുമ്പ് എനിക്കത് തുന്നി ശരിപ്പെടുത്തേണ്ടതുണ്ട്. നീയെനിക്കൊരു സൂചി തരില്ലേ? അവൻ അവൾക്കു സൂചി കൊടുത്തില്ല. എന്നാൽ ദേവാലയത്തിൽ പോകുന്നതിനു മുൻപ് അവനോടു പറയാനായി കൊടുക്കൽ വാങ്ങലിനെക്കുറിച്ച് പണ്ഡിതോജ്ജ്വലമായ ഒരു പ്രസംഗം നൽകി.

# ഹേ മരണമെ നിന്റെ ജയം എവിടെ

തോമസ് കുളത്തിൻകരോട്ട് തുമ്പമൺ

മരണം എന്താണ്. അത് എപ്പോൾ എങ്ങനെ സംഭവിക്കുന്നു. മരണത്തിനപ്പുറത്തു എന്താണ്. ഈ രംഗത്ത് ആഴത്തിലുള്ള ഉൾക്കാഴ്ചകൾ വിശുദ്ധ വേദപുസ്തകത്തിൽനിന്നും ലഭിക്കുന്നു. ഇതിന് ഉപോൽബലകമായി ശാസ്ത്രലോകവും ചില തെളിവുകൾ തന്നുകൊണ്ടിരിക്കുകയാണിപ്പോൾ.

ഭൗതികശരീരത്തിന്റെ തിരോധാനത്തോടുകൂടി നമ്മുടെ ജീവിതം പൂർണ്ണമായി നശിക്കുന്നില്ലെന്നും നമുക്ക് ലഭിച്ച ശരീരം മാത്രമെ നിർജ്ജീവമായിപോകുന്നുള്ളു എന്ന് ക്രിസ്ത്യാനികൾക്കൊപ്പം പല മതസ്ഥരും വിശ്വസിക്കുന്നു. എന്നാൽ ഈ ശരീരത്തിനു എത്രകാലം ഈ ഭൂമിയിൽ ജീവനോടിരുന്നു പ്രവർത്തിക്കാൻ സാധിക്കും? വിശുദ്ധ വേദപുസ്തകപ്രകാരം ആദിമനുഷ്യനായ ആദാമിന്റെ ഭൗതികശരീരം 930 വർഷം ജീവിച്ചശേഷമാണ് മരണമടഞ്ഞത്. എട്ടാമത്തെ പൂർവ്വപിതാവായ മെഥുശലേഹിയുടെ ശരീരം ആദാമിന്റേതിനേക്കാൾ 39 വർഷം കൂടി കഴിഞ്ഞിട്ടു അങ്ങനെ 969 വർഷം ഇഹലോകത്തിൽ ജീവിച്ചിരുന്നശേഷമാണ് കടന്നുപോയത്. വേദപുസ്തകപ്രകാരം ഒരു മനുഷ്യശരീരത്തിന് നമ്മുടെ ഭൂമിയിൽ ജീവിക്കാൻ സാധിച്ച സർവ്വകാല റിക്കാർഡാണിത്. ആദാം മുതൽ നോഹയുടെ കാലത്തെ ജലപ്രളയം വരെയുള്ള 1656 വർഷങ്ങൾക്കു ശേഷമാണ് മനുഷ്യായുഷ്ക്കാലം കുറഞ്ഞു വന്നത്. മോശയുടെ കാലമായപ്പോഴേയ്ക്കും ഏതാണ്ട് 120 വർഷമായി ആയുഷ്ക്കാലം ചുരുങ്ങി. പിന്നീടുള്ള കാലഘട്ടങ്ങളിലേക്ക് നീങ്ങിയപ്പോൾ ഏറെ ആയാൽ 80 എന്ന പരിധിയിലേക്ക് ആയുസ്സ് ഒതുങ്ങി.

ആധുനിക കാലഘട്ടത്തിൽ ആയുഷ്ക്കാലം ഏതാണ്ട് തൊണ്ണൂറോ അതിൽ കൂടുതലോ വരെയാകാം എന്നു വന്നിരിക്കുകയാണ്. കെ.പി.കേശവമേനോൻ തന്റെ 90-ാം വയസ്സിനടുത്താണ് വിഖ്യാതമായ എന്റെ യേശുദേവൻ എന്ന പുസ്തകം രചിച്ചത്. സുപ്രസിദ്ധ ആചാര്യൻ ജോൺ വെസ്ലി തന്റെ 88-ാം വയസ്സിലും ദിവസംതോറും കൺവൻഷനുകളിൽ പ്രസംഗിക്കുമായിരുന്നു. അതുപോലെ ജോർജ്ജ് മുള്ളൂർ 92-ാം വയസ്സുവരെ സഞ്ചാര സുവിശേഷ പ്രസംഗത്തിൽ വ്യാപൃതനായിരുന്നു. ചിട്ടയായ ജീവിതചര്യയുണ്ടെങ്കിൽ 90 വയസ്സിലും അതിനു മുകളിലും പ്രവർത്തനോന്മുഖമാകാം എന്നതിന്റെ തെളിവല്ലെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരും മാർത്തോമ്മാസഭാ വലിയ മെത്രാപ്പോലീത്താ ക്രിസോസ്റ്റം തിരുമേനിയും. അടുത്ത കാലത്തല്ലെ ആറാം വയസ്സിൽ ഇന്ത്യൻ വംശജനും ഇപ്പോൾ ബ്രിട്ടീഷ് പൗരനുമായ ഫൗജാസിംഗ് ദുബായിൽ 50 മിനിറ്റുകൊണ്ട് 8 കിലോമീറ്റർ മാരത്തൺ ഓടിത്തീർത്തു.

ഇഹലോകവാസാനന്തരം നിത്യതയിലേക്ക് തുറക്കപ്പെടുന്ന വാതിലാണ് മരണമെന്ന് യേശുക്രിസ്തു അരുളിച്ചെയ്തിട്ടുണ്ട്. ഈ പ്രത്യാശ നിമിത്തമാണ് ഇഹലോകവാസത്തിൽ എന്തു പീഠനങ്ങളും യാതനകളും അനുഭവിക്കാനും മരണത്തെപ്പോലും കൈവരിക്കാനും ക്രിസ്തുവിശ്വാസികൾ തയ്യാറാകുന്നത്. അപ്പോസ്തോലന്മാർ സുവിശേഷ പ്രവർത്തനങ്ങൾ മൂലം സഹിച്ച യാതനകൾ എത്ര ഭീകരമായിരുന്നു എന്നു ചരിത്രരേഖകൾ വെളിവാക്കുന്നു. വിശുദ്ധ പത്രോസ് അപ്പോസ്തോലൻ തലകീഴായി റോമിൽ ക്രൂശിക്കപ്പെടുകയാണുണ്ടായത്. അന്ത്രയോസ് ആവായിലെ പത്രാസിൽ ക്രൂശിക്കപ്പെട്ടു. ബർത്തലോമിയെ അർമേനിയയിൽ ജീവനോടെ ചുട്ടുകൊന്നു. യോഹന്നാന്റെ സഹോദരൻ യാക്കോബിനെ ഹേറോദ് അഗ്രിപ്പാ രാജാവ് യെരുശലേമിൽ ശിരച്ഛേദം നടത്തി. ഫിലിപ്പോസിനെ ഉയരമുള്ള ഒരു തൂണിൽ കെട്ടിത്തൂക്കി കൊന്നു. നമ്മുടെ ഭാരതത്തിൽ സുവിശേഷവേല നടത്തിയ തോമസ് അപ്പോസ്തോലനെ മൈലാപ്പൂരിൽ കുന്തംകൊണ്ട് കുത്തിക്കൊന്നു. മറ്റു ശിഷ്യന്മാർക്കും ഉണ്ടായ അനുഭവങ്ങൾ വിഭിന്നമല്ല. ഇവരെല്ലാം മരണത്തെ തൃണവൽഗണിച്ച് സുവിശേഷവേല നടത്തിയത് അവരൊക്കെ നിത്യതയിലേക്ക് എത്തിച്ചേരാൻ തുറക്കുന്ന വാതിലാണ് ഇഹലോകമരണമെന്ന് പൂർണ്ണമായി വിശ്വസിച്ചതുകൊണ്ടാണല്ലോ. വിശുദ്ധവേദപുസ്തകം ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വാഗ്ദാനംകൂടി ശ്രദ്ധിക്കാം. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാണ്. ഇവിടെനിന്നും കർത്താവായ യേശുക്രിസ്തു സകലവും കീഴ്പ്പെടുത്താൻ കഴിയുന്ന തന്റെ ശക്തികൊണ്ട് നമ്മുടെ നിന്ദ്യമായ ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:20,21). യേശുക്രിസ്തു ഈ രൂപാന്തരമല്ലെ കൈക്കൊണ്ടത്. ക്രൂശിൽ മരിച്ച ശേഷം മൂന്നാംനാൾ ഉയർത്തെഴുന്നേറ്റിട്ട് 40 ദിനങ്ങളോളം അനിഷേധ്യ തെളിവുകൾ നൽകിക്കൊണ്ട് ഈ ഭൂമിയിൽ സൂക്ഷ്മ ശരീരം പ്രാപിച്ചു തങ്ങി. ആ സമയത്ത് എല്ലാ കതകുകളും അടച്ച് ശിഷ്യന്മാർ പ്രാർത്ഥിച്ചുകൊണ്ടിരുന്ന കെട്ടിടത്തിൽപോലും പ്രവേശിക്കാനും പ്രവേശിച്ചശേഷം വീണ്ടും ശരീരരൂപം കൈക്കൊണ്ട് ശിഷ്യന്മാരെ ബോധ്യപ്പെടുത്താനും സാധിച്ചതായി വേദപുസ്തകത്തിൽനിന്നും മനസ്സിലാക്കാമല്ലോ. കൂടാതെ മരിച്ചുപോയ ഏലിയാവും മോശയും മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടതും വേറൊരു ഭാഗത്തു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (മത്തായി 9:3, ലൂക്കോസ് 9:30,31).

ശാസ്ത്രലോകവും മരണാനന്തരം ഏതോ തരത്തിലുള്ള ജീവിതമുണ്ടാകാമെന്ന് പതുക്കെ പതുക്കെ അംഗീകരിച്ചുവരികയാണ്. 1991ൽ 35കാരിയായ പാം റയിനോൾഡ് എന്ന അമേരിക്കക്കാരിയുടെ തലച്ചോറിലെ മുഴ നീക്കം ചെയ്യാൻ ഏതാണ്ട് ഒരു മണിക്കൂറോളം ഹൃദയമിടിപ്പു നിർത്തി രക്തം വാർത്തെടുക്കേണ്ടിവന്നു. ഈ സമയം അവരുടെ കണ്ണുകൾ പൂർണ്ണമായി മൂടിക്കെട്ടി ചെവികൾ അടച്ചുവെച്ചിരുന്നെങ്കിലും ഓപറേഷൻ തീയറ്ററിൽ നടന്ന എല്ലാകാര്യങ്ങളും അവർ സവിസ്തരം പിന്നീട് ഡോക്ടർമാരോട് വിസ്തരിക്കുകയുണ്ടായി. കൂടാതെ റയിനോൾഡിന്റെ വിവരണപ്രകാരം അന്ധകാരമായ ഒരു തുരങ്കത്തിൽക്കൂടി സഞ്ചരിച്ച് അവർ പ്രകാശമാനമായ ഒരു സ്ഥലത്ത് എത്തിച്ചേർന്നതായും അവിടെ വളരെ കാലംമുമ്പ് മരിച്ച വലിയമ്മയേയും മറ്റു ബന്ധുക്കളേയും കാണാനിടയായതും കുറച്ചുകഴിഞ്ഞ് ഒരു അമ്മാവൻ അവരെ ഓപറേഷൻ തീയറ്ററിലുള്ള ശരീരത്തിൽ എത്തിച്ച് തിരികെ ജീവിതത്തിലേക്ക് പ്രവേശിച്ചുകൊള്ളു എന്നുപദേശിച്ചിട്ടു മറയുകയും ചെയ്തു. വേറൊരു സ്ത്രീയുടെ മറ്റൊരു ഓപറേഷൻ സമയത്തു ഹൃദയം നിന്നതിനാൽ മറ്റു മാർഗ്ഗങ്ങൾ ഫലപ്രദമാകാതെ വന്നപ്പോൾ നെഞ്ചു കട്ടുചെയ്തു ഹൃദയത്തെ കരങ്ങൾകൊണ്ടു തടവി പുനർജീവിപ്പിച്ചു. ഈ സ്ത്രീയും ഓപറേഷൻ തീയറ്ററിൽ നടന്ന കാര്യങ്ങളും മൂടൽമഞ്ഞിൽക്കൂടി സഞ്ചരിച്ചു പ്രകാശമാനമായ സ്ഥലത്തു എത്തിയെന്നും മരിച്ചവരെ കണ്ടശേഷം തിരികെ വന്ന കാര്യവും വിവരിച്ചു. ഓപറേഷൻ തീയറ്ററിൽ നടന്ന കാര്യങ്ങൾ പൂർണ്ണമായും ശരിയായിരുന്നു എന്നു ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി.

ആദ്യകാലങ്ങളിൽ ഈ അനുഭവങ്ങൾ വെറും മായാദൃശ്യങ്ങൾ ആണെന്നു ഡോക്ടർമാരും മനശാസ്ത്രജ്ഞന്മാരും തള്ളിക്കളഞ്ഞെങ്കിലും അടുത്ത കാലങ്ങളിൽ നടത്തിയ ധാരാളം ഗവേഷണങ്ങൾ ആ രീതിയിൽ തള്ളാൻ സാധിക്കാത്ത നിലയിൽ എത്തിച്ചിരിക്കുകയാണ്.

ബാർബറോ റോമൻ എന്ന അമേരിക്കൻ ഡോക്ടർ 1994 കഴിഞ്ഞ് മരണശേഷം അത്ഭുതകരമാം വിധം ജീവനിലേക്ക് തിരിച്ചുവന്ന 600 പേരുമായി മുഖാമുഖം നടത്തിയശേഷം

(ശേഷം പേജ് 3-ൽ)

# മാനങ്ങൾ നൽകുന്ന ക്രിസ്തുമസ്സ്

കുഞ്ഞുമോൻ വാരിക്കാട്

ചരിത്രത്തെ രണ്ടായി തിരിച്ചുകൊണ്ട് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നടന്ന മഹാസംഭവത്തിന്റെ ഓർമ്മ ആദരപൂർവ്വം ആഘോഷിക്കുന്ന സന്ദർഭമാണ് ക്രിസ്തുമസ്സ്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ മനുഷ്യനു സമാധാനവും നേർന്ന സ്വർഗ്ഗീയഗാനം അന്തരീക്ഷത്തിൽ ഉയരവെ കാലിത്തൊഴുത്തിൽ പിറന്ന രക്ഷകൻ ലോകം അന്നുവരെ കാണാത്ത മഹനീയ മാതൃകയാണ് മനുഷ്യകുലത്തിന് നൽകിയത്.

മഞ്ഞുപൊഴിയുന്ന രാവിൽ സ്നേഹത്തിന്റെ കുളിർമഴയായി പെയ്തിറങ്ങിയ യേശുക്രിസ്തു മാനവ ഹൃദയങ്ങളിലെ പാപാന്ധകാരങ്ങളുടെ ഇരുളിമയും ഭയാശങ്കകളുടെ കാർമേഘപടലങ്ങളും നീക്കിക്കളഞ്ഞു. എന്നാൽ അത് ഹൃദയത്തിൽ ഉൾക്കൊള്ളുവാൻ ഇന്നും പലർക്കും കഴിയുന്നില്ല.

സ്നേഹത്തിന്റെ സന്ദേശമാണ് ക്രിസ്തുമസ്സ്. യേശുക്രിസ്തുവിന്റെ മാർഗ്ഗം സ്നേഹത്തിന്റേതായിരുന്നു. അവിടെ ഭയത്തിനും ആശങ്കകൾക്കും സ്ഥാനമില്ല. യേശുക്രിസ്തുവിന്റെ സമീപത്തേക്ക് അടുക്കുവാൻ ഭയത്തിന്റെ ആവശ്യമില്ല. അധികാരപ്രമത്തതയുടെ സിംഹാസനങ്ങളാണ് ഭയം ജനിപ്പിക്കുന്നത്. ദാസ്യസമാനമായ അടിമത്വവും താണുവണങ്ങലും അതാവശ്യപ്പെടുന്നു. ലൗകിക താൽപര്യങ്ങളാണ് ഇക്കൂട്ടരെ നയിക്കുന്നത്. യേശുക്രിസ്തുവിന്റെ മാർഗ്ഗം അതായിരുന്നില്ല. വിനയവും ലാളിത്യവും കൊണ്ടാണ് അവിടുന്ന് അധികാര സിംഹാസനങ്ങളെ കീഴടക്കിയത്.

ദൈവപുത്രനെ വധിക്കാൻ ഹെറോദോസിനെ പ്രേരിപ്പിച്ചത് അധികാര പദവികളിലുള്ള ആസക്തിയും അവ നഷ്ടപ്പെടുമെന്നുള്ള ഭയവുമായിരുന്നു. എന്നാൽ ഇത്തരം ആസക്തികളൊന്നും ഇല്ലാതെ, യഥാർത്ഥ വെളിച്ചം തേടിയിറങ്ങിയ ജ്ഞാനികൾക്ക് ദൈവസാന്നിധ്യം അനുഭവവേദ്യമായി. യേശുക്രിസ്തുവിന്റെ മാർഗ്ഗം പിൻപറ്റുവാൻ ആഗ്രഹിക്കുന്നവർ ആ ജ്ഞാനികളുടെ മാർഗ്ഗമാണ് തെരഞ്ഞെടുക്കേണ്ടത്.

ജാതിമത മാത്സര്യങ്ങൾ നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ദൈവത്തിന്റെ സ്ഥാനത്ത് പലരും പ്രതിഷ്ഠിക്കുന്നത് പണത്തെയാണ്. പണവും പദവിയും മാത്രമല്ല ആഡംബരങ്ങളും വസ്തുവും വാഹനങ്ങളുമെല്ലാം അവരെ മോഹിപ്പിക്കുന്നു. എത്ര കിട്ടിയാലും മതിയാകാത്ത ആർത്തിയാണ് പലർക്കും. ദുഷ്ടമനസ്സുകളിൽ ഒളിപ്പിച്ചുവെച്ച ലാഭക്കൊതിയുടെ തന്ത്രത്തിൽ പലരും വീണുപോകുന്നു. പണത്തിന്റെയും പ്രതാപത്തിന്റെയും അടിമയാകുന്നവർക്ക് ഇല്ലായ്മകൾ സ്വയം വരിച്ചു പുൽത്തൊട്ടിയിലെ ദിവ്യശിശുവിനെ എങ്ങനെ പിൻചൊല്ലാൻ കഴിയുമെന്ന് സന്ദേഹമുണ്ട്. ദൈവത്തെയും ആത്മീയതയെയും ജീവിതത്തിൽനിന്നു മാറ്റി തികച്ചും സ്വകാര്യമായ ഒരു മേഖലയായി അതിനെ ചിത്രീകരിക്കുവാൻ ബോധപൂർവ്വം ശ്രമം നടത്തുന്ന ഈ കാലത്ത് ക്രിസ്തുമസ്സ് ആഘോഷിക്കുവാൻ അവകാശമുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എല്ലാം കമ്പോളവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്ത് ക്രിസ്തുമസ്സ് യഥാർത്ഥ അനുഭവത്തിന്റെ തലത്തിൽനിന്നും വെറും ആഘോഷത്തിന്റെ തലത്തിലേക്ക് മാറിയിരിക്കുന്നു. ഈ അവസരത്തിൽ കാര്യമായ പുനർചിന്തനം എല്ലാവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

ദൈവപുത്രൻ മനുഷ്യനായി പിറന്നത് മനുഷ്യരക്ഷയ്ക്കുവേണ്ടിയായിരുന്നു. അതിന് സ്വന്തം ജീവൻതന്നെ ബലിയർപ്പിക്കുവാൻ അവിടുന്നു തയ്യാറായി. ത്യാഗത്തിന്റെ മഹത്തായ ഒരു സന്ദേശമാണ് അതിലൂടെ ലോകത്തിന് ലഭിച്ചത്.

മാത്സര്യത്തിന്റെയും വിദ്വേഷത്തിന്റെയും തീപ്പൊരികൾ അറിഞ്ഞോ അറിയാതെയോ സമൂഹത്തിൽ വീണുകൊണ്ടിരിക്കുന്നു. ഇവർക്ക് വിവേകത്തിന്റെ മാർഗ്ഗം ഉപദേശിച്ചുകൊടുക്കാൻ കഴിവുള്ളവരുടെ എണ്ണം കുറഞ്ഞിരിക്കുന്നു എന്നുള്ളത് ഇന്നത്തെ ലോകം നേരിടുന്ന വലിയൊരു ഭീഷണിയാണ്. കാലിത്തൊഴുത്തിൽ ജനിക്കുകയും കുരിശിൽ മരിക്കുകയും ചെയ്ത യേശുക്രിസ്തുവിന് രാജകൊട്ടാരത്തിൽ ജനിക്കുകയും പീഢാനുഭവങ്ങളിൽനിന്ന് ഒഴിവാകുകയും ചെയ്യാമായിരുന്നു. യേശുക്രിസ്തുവിനെ രക്ഷകനായി കാണുന്നവർ ഇത് മറന്നുപോകരുത്.

യേശുക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മകൾക്ക് ഈ ആധുനിക കാലത്ത് അർത്ഥപൂർണ്ണമായ അനവധി മാനങ്ങളുണ്ട്. മൂല്യങ്ങൾ നഷ്ടപ്പെട്ട ഈ ലോകത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. പരസ്പര സ്നേഹ വിശ്വാസങ്ങൾ നഷ്ടപ്പെട്ടിരിക്കുന്ന ഇക്കാലത്ത് സന്തോഷവും സമാധാനവും പലർക്കും ഒരു മരീചികയാണ്.

മനുഷ്യത്വം അവഹേളിക്കപ്പെടുകയും മനുഷ്യമനസ്സുകൾ മലീനസമാക്കുകയും ചെയ്യുമ്പോൾ നമുക്കു ചുറ്റും അണഞ്ഞുപോകുന്നത് നന്മയുടെ തിരിനാളങ്ങളാണ്. ഇരുൾ പരക്കുന്ന ഈ സാമൂഹികാന്തരീക്ഷത്തിലേക്ക് നന്മയുടെ വെളിച്ചം പകരാനാണ് ഓരോ വർഷവും ക്രിസ്തുമസ്സ് കടന്നുവരുന്നതും ആഘോഷിക്കേണ്ടതും.

# ക്രിസ്തുമസ്സ് ചിന്തകൾ

ഫാ.ജെയിംസ് കുറ്റിക്കം

യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുവാൻ എല്ലാ സജ്ജീകരണങ്ങളും ക്രൈസ്തവരുടെ ഇടയിൽ മാത്രമല്ല എല്ലാ മേഖലകളിലും പ്രതിഫലിക്കുന്ന കാലഘട്ടം. ലോകരക്ഷകനെ സ്വീകരിക്കാനുള്ള ബാഹ്യമായ ഒരുക്കങ്ങൾക്ക് എങ്ങും കുറവുകളില്ല. ആഘോഷങ്ങളെ വരവേൽക്കാൻ വർണ്ണഭംഗിയുള്ള വിവിധ തരത്തിലുള്ള വസ്തുക്കളെക്കൊണ്ട് കടകമ്പോളങ്ങൾ മുന്നൊരുക്കം തുടങ്ങുന്നു.

ബാഹ്യമായ ആഹ്ളാദപ്രകടനങ്ങൾക്കുള്ള ഒരുക്കം നല്ലതുതന്നെ. രാഷ്ട്രീയക്കാരനെ ഭരണനേതൃത്വത്തിൽ സ്ഥാനമാനങ്ങൾ വഹിക്കുന്നവരെ കാര്യസാധ്യത്തിനായി ഓച്ഛാനിച്ച് പട്ടുവിരിച്ച് സ്വീകരിച്ച് ആനയിക്കുന്ന തരംതാണ തലത്തിലേക്ക് താണുപോയിരിക്കുന്നു ലോകരക്ഷകനെ ക്രൈസ്തവർ സ്വീകരിക്കുന്ന മഹത്തായ ജനനപ്പെരുന്നാളും. ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനോട് ബന്ധപ്പെട്ടുവരുന്ന സംഭവമാണ് ഹെറോദാവിന്റെ ക്രൂരത ദൈവപുത്രന്റെ ജനനത്തെ ലോകത്തെ അറിയിച്ചുകൊണ്ട് ആകാശത്ത് ഉദിച്ചുയർന്ന അത്ഭുത നക്ഷത്രം വാനനിരീക്ഷകരെ വിദ്വാന്മാരെ ഹെറോദാവിന്റെ കൊട്ടാരത്തിലെത്തിച്ചു.

രാജാക്കന്മാരുടെ രാജാവിന്റെ ജനനവാർത്ത അറിഞ്ഞ് രാജകൊട്ടാരവും ഹെറോദാവും തന്റെ രാജ്യത്വത്തിന് ഇളക്കം തട്ടുമെന്ന് ഭയന്ന് കാട്ടിക്കൂട്ടിയ ക്രൂരതകൾ രണ്ടുവയസ്സിൽ താഴെ പ്രായംവരുന്ന ആൺപൈതങ്ങളെ കൊന്നൊടുക്കുവാനുള്ള രാജകല്പന നിറവേറ്റുവാൻ നാനാഭാഗങ്ങളിലേക്കും പായുന്ന പടയാളികൾ.

പൈതങ്ങളെ ക്രൂരമായി കൊന്നുതള്ളുന്ന കാഴ്ച നേരിൽകണ്ട് അലമുറയിട്ടുകരയുന്ന മാതാപിതാക്കൾ തങ്ങളുടെ കൊച്ചനുജന്റെ രക്തം വാർന്നുപോയ ജീവനറ്റ ശരീരത്തിൽ കെട്ടിപ്പിടിച്ച് പൊട്ടിക്കരയുന്ന സഹോദരങ്ങളും അയൽക്കാരും ബന്ധുക്കളും. ദേശത്തെ നടുക്കുന്ന നിലവിളി ശബ്ദംകേട്ട് വളർത്തുമൃഗങ്ങളുടെ വെപ്രാളത്തോടുള്ള അമറൽ ശക്തമാകുന്നു. നായ്ക്കളുടെ ഓരിയിടീൽ, പക്ഷികളുടെ കളകളനാദത്തിനു പകരം അവയെല്ലാം ഭീതികരമായ കാഴ്ചകണ്ട് വിലാപത്തോട് ശബ്ദം പുറപ്പെടുവിച്ച് ചിറകിട്ടടിച്ച് പരക്കം പായുന്നു.

റാമയിൽ ഒരു ശബ്ദം കേട്ടു - കരച്ചിലും വലിയ നിലവിളിയും തന്നെ. ബേത്‌ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും രാജകല്പന നടപ്പാക്കിയപ്പോൾ ഒരു ദേശം മുഴുവൻ നടുങ്ങിപ്പോയി. ലോകരക്ഷകനുവേണ്ടി ആദ്യം യാതൊന്നുമറിയാതെ ശൈശവത്തിൽ രക്തസാക്ഷികളായി തീരേണ്ടിവന്ന പിഞ്ചുകുഞ്ഞുങ്ങൾ.

ലോകരക്ഷകനെ ക്രൈസ്തവർ സ്വീകരിക്കുന്ന മഹത്തായ ജനനപ്പെരുന്നാളും തരംതാണ തലത്തിലേക്ക് താണുപോയിരിക്കുന്നു. ഇന്ന് ഇത് നമ്മുടെ ആഘോഷങ്ങൾക്ക് ഇന്നൊരു പ്രശ്നമേ അല്ലാതായി. അധികാരത്തിന്റെ ഭീകരത എല്ലാ രൂപത്തിലും ഭാവത്തിലും പ്രതിഭലിക്കുന്ന കാലഘട്ടം.

ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമ്മുടെ രാജ്യവും നാടും നാട്ടുകാരും ഭരണനേതൃത്വവും സഭയും സഭാനേതൃത്വവും ഇടവകയും തന്റേതായ ലക്ഷ്യപ്രാപ്തിക്ക് ഭംഗം വരുമ്പോൾ അധികാരഭ്രാന്തിന്റെ ഹെറോദാവിന്റെ മുഖം നമ്മുടെ നേതൃത്വത്തിലും നാം ദർശിക്കുന്നു. നമുക്ക് സുപരിജിതമാണ് ഈ മുഖങ്ങൾ,

നമ്മുടെ പ്രതികരണശേഷി നമുക്ക് നഷ്ടപ്പെട്ടുപോകുന്നു. നേതൃത്വത്തിനെതിരെ നമ്മുടെ അന്തരംഗം സംസാരിക്കുന്നില്ലെ. ശക്തമായ ഭാഷയും ശക്തമായ പ്രതികരണവും നമ്മിലുണ്ട്. റാമയിലെ ജനം ഹെറോദാവിനെതിരെ ക്രൂരതകൾക്കെതിരെ ഉറക്കെ നിലവിളിച്ച് പ്രതികരിച്ചു. എന്നാൽ നമ്മുടെ നേതൃത്വത്തിനെതിരെ അവർ കാട്ടുന്ന പൈശാചികതയ്ക്കെതിരെ നിശബ്ദമായിപ്പോലും പ്രതികരിക്കാൻ നമുക്കാവുന്നില്ല. നമ്മുടെ ഇന്ദ്രിയങ്ങളെ നാം സ്വയം ബന്ധിച്ച് ഗതികെട്ട മൗനത്തിന്റെ ഭാഷയിൽ നേതൃത്വത്തിന്റെ മുൻനിരയിൽ വെള്ളവസ്ത്രം ധരിച്ച് വൃത്തികെട്ട ചിരിയോട് ഉപവിഷ്ടരായി ഇരിക്കുന്നു. പൈശാചിക നേതൃത്വത്തിന് ഈ ശരീരസാന്നിധ്യംകൊണ്ട് എന്തും ചെയ്യാൻ ബലം നൽകുന്നു.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം (ലൂക്കോ.2:14) ലോകരക്ഷകന്റെ ജനനസമയത്ത് കേൾക്കുന്ന മാലാഖമാരുടെ ആഘോഷ ശബ്ദം സ്വർഗ്ഗീയ സന്ദേശമാണ്. ദൈവത്തിന്റെ പ്രസാദം ലഭിച്ച മനുഷ്യരുണ്ടോ ഇന്ന് ഭൂമിയിൽ.... മാലാഖമാർ പറയുന്ന സന്ദേശം നമ്മുക്കുവേണ്ടിയാണോ.

ഈ ഭൂമി ഗതികേടിന്റെ മാർഗ്ഗത്തിൽനിന്ന് സമാധാനമാർഗ്ഗത്തിലേക്ക് രൂപപ്പെടണം. പൈശാചികമുഖങ്ങളെ തിരിച്ചറിഞ്ഞ് ലോകരക്ഷകനെ വരവേൽക്കാം. ക്രിസ്തുമസ്സ് ഇത് ആഘോഷമല്ല, പുതിയ ജീവിതമാർഗ്ഗമാണ്. നോമ്പിന്റെ വിശുദ്ധിയോടെ പ്രാർത്ഥനയോടെയാണ് സഭ ജനനപ്പെരുന്നാളിലേക്ക് പ്രവേശിക്കുന്നത്. ഈ ജീവിത മാർഗ്ഗത്തെ സ്വായത്തമാക്കാൻ ക്രിസ്തുവിനോടുകൂടെ സഞ്ചരിക്കാൻ നമുക്ക് കഴിയണം. പുതിയനിയമത്തിന്റെ മാർഗ്ഗമാണ് ക്രിസ്തുമസ്സ്.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**റ്റി.ജി.രാജൻ ആന്റ് ഫാമിലി, കൊട്ടാരക്കര**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**മോളി കൊട്ടാരക്കര**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി, മാവേലിക്കര**

## ഹേ മരണമെ....പേജ് 2-ൽനിന്ന്

അനുമാനിക്കപ്പെട്ടിരിക്കുന്നത് മരണത്തെ അതിജീവിക്കുന്ന എന്തോ മനുഷ്യനിൽ ഉണ്ടെന്നും അതു മരണശേഷവും നിലനിൽക്കുന്നുവെന്നുമാണ്. ഹൃദയസ്തംഭന മരണത്തിനുശേഷം ജീവൻ വീണ്ടെടുത്ത പലരേയും പഠിച്ച ഒരു ഡച്ചു ഡോക്ടർ, ബാർബറോ റോമൻ ഡോക്ടറുടെ നിഗമനത്തെ പിന്താങ്ങുകയുണ്ടായി. സുപ്രസിദ്ധ മനശാസ്ത്രജ്ഞ ഡോക്ടർ എലിസബേത്ത് കുബ്ലർ അനേകരുടെ അനുഭവ വിവരണങ്ങൾ പഠിച്ചശേഷം മരണനാനന്തരം ഏതോ പ്രത്യേകതരം ജീവിതമുണ്ടാകാൻ സാധ്യതയുണ്ടെന്നു സാക്ഷ്യപ്പെടുത്തി.

മേൽവിവരിച്ച ശാസ്ത്രീയ തെളിവുകൾ നമ്മുടെ ഭൗതിക ശരീരത്തിലെ ജീവിതദിശ കഴിഞ്ഞാൽ ജീവനും ജീവിതവും ഇല്ലാതാകുന്നില്ല എന്നുള്ള ആത്മീയ വിശ്വാസത്തിന്റെ വിശ്വസ്തതയെ കൂടുതൽ ബലപ്പെടുത്തുകയല്ലെ ചെയ്തിരിക്കുന്നത്.കാലാന്തരത്തിൽ ശാസ്ത്രീയമായ അറിവുകൾ പുരോഗമിക്കുന്നതിലൂടെ ആത്മീയ കാര്യങ്ങൾ കൂടുതൽ കൂടുതൽ ബലപ്പെടുത്താൻ ജഗദീശ്വരൻ നമ്മെ പ്രാപ്തരാക്കുമെന്നു വിശ്വസിക്കാം.

# നൂറ്റാണ്ടുകൾക്കുമുമ്പ് കൊച്ചി കായലിന്റെ അങ്ങേ കരയിൽ നടന്ന പ്രതിജ്ഞ അനുസ്മരിച്ചുകൊണ്ട് ഇങ്ങേ കരയിൽ നടന്ന മഹാസമ്മേളനം.....പേജ് 1-ൽനിന്ന്

അഹത്തള്ളായുടെ കഴുത്തിൽ ഒരു ഭാരമേറിയ കല്ലുകെട്ടി സമുദ്രത്തിൽ മുക്കിക്കളഞ്ഞതായി ഒരു ശ്രുതി നാടെങ്ങും പ്രചരിച്ചു. ഇതുകേട്ടപ്പോൾ സുറിയാനിക്കാർക്കുണ്ടായ കോപത്തിനും മനോവേദനയ്ക്കും അതിരില്ലായിരുന്നു. അവരെല്ലാം മട്ടാഞ്ചേരിൽ കൂടി കൂനൻകുരിശ് എന്ന അപരാഭിധാനത്താൽ സുപ്രസിദ്ധമായ വലിയ കൽക്കുരിശിൽ ഒരു കയറുകെട്ടി അതിന്മേൽ പിടിച്ചുകൊണ്ട് തങ്ങളുടെ വന്ദ്യ പാത്രിയർക്കീസിനെ (അഹത്തള്ള അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു എന്നും ധരിച്ചിരുന്നു) ഹിംസിച്ചവരായ ജസ്വിത്ത് ബിഷപ്പിനെയും റോമാസഭയെയും ഇനിയൊരിക്കലും സ്വീകരിക്കുന്നതല്ലെന്നും സത്യംചെയ്തു. പ്രസ്തുത പ്രതിജ്ഞ ചെയ്ത് 1653 മകരം 3 വെള്ളിയാഴ്ച ആയിരുന്നു. പ്രതിജ്ഞ അനുസരിച്ച് ഒരു ഉടമ്പടിയും അവർ എഴുതി. ഈ ബഹളം ആ സ്ഥലത്തു മാത്രമല്ല ഉണ്ടായിരുന്നത്. അന്നത്തെ മഹായിടവകയിൽ ഉണ്ടായിരുന്ന എല്ലാ പള്ളികളിലും കൂടി നാനൂറുപേർ നീക്കിബാക്കിയുണ്ടായിരുന്ന സകല സുറിയാനി ക്രിസ്ത്യാനികളും റോമാനുകത്തെ എറിഞ്ഞുകളഞ്ഞു. ആദ്യം സ്വപ്രജകളുടെ അപേക്ഷ അനുസരിച്ച് പാത്രിയർക്കീസിനെ വിട്ടയക്കുന്നതിനു പോർട്ടുഗീസുകാരുടെ അടുക്കൽ ആവശ്യപ്പെടുകയും പിന്നീട് അവരുടെ പണത്തിൽ ഭ്രമിച്ചു നിശബ്ദനായിത്തീരുകയും ചെയ്ത കൊച്ചി രാജാവ് പാത്രിയർക്കീസിനെ സമുദ്രത്തിൽ കെട്ടിത്താഴ്ത്തി എന്നുള്ള വാർത്ത പ്രചരിച്ച ഉടൻതന്നെ തീപ്പെട്ടു. അതിനാൽ ഒരേസമയത്തുതന്നെ കൊച്ചികായലിന്റെ ഇരുകരയിൽനിന്നും വിലാപങ്ങൾ പ്രതിധ്വനിച്ചു. രാജാവിന്റെ നിര്യാണം ദൈവകോപത്തിന്റെ പ്രത്യക്ഷപ്രതിഫലനമായി ഗണിച്ച സുറിയാനിക്കാർക്കു റോമാക്കാരോടുള്ള മത്സരത്തിൽ ഉത്സാഹം വർദ്ധിച്ചു. കാലതാമസം കൂടാതെ സുറിയാനിക്കാരുടെ ഒരു പൊതുയോഗം ആലങ്ങാട്ട് പള്ളിയിൽ കൂടി അഹത്തള്ളായുടെ കല്പനപ്രകാരം അർക്കദിയാക്കോനെ മാർ തോമ്മാ എന്ന സ്ഥാനനാമധേയത്വത്തോടുകൂടി മെത്രാനായി ആരോഹണം ചെയ്തു..... (ഇ.എം.ഫിലിപ്പോസ്, മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ) കൂനൻകുരിശ് സത്യവും അതിനുശേഷമുണ്ടായ മെത്രാൻവാഴ്ചയും വിദേശാധിപതത്തിനെതിരെയുള്ള ശക്തമായ മുന്നേറ്റമായിരുന്നു.

1599-ലെ ഉദയംപേരൂർ സുന്നഹദോസിനു സമാനമായിരുന്നു 1876ലെ മുളന്തുരുത്തി സുന്നഹദോസ്. ഉദയംപേരൂർ സുന്നഹദോസിലൂടെ റോമാപാപ്പായുടെ അധികാരം മലങ്കരസഭയുടെ മേൽ സ്ഥാപിതമായി. മുളന്തുരുത്തി സുന്നഹദോസിലൂടെ മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം അംഗീകരിച്ചു. 1889ലെ റോയൽകോടതിവിധിയിലൂടെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം നിയമപരമായി മലങ്കരസഭയുടെ മേൽ സ്ഥാപിതമായി.

വേറൊരുതരത്തിൽ പറഞ്ഞാൽ ഉദയംപേരൂർ സുന്നഹദോസിൽ നടന്നതുപോലെയോ അതിനേക്കാൾ ശക്തമായോ വ്യവസ്ഥാപിതമായോ വിദേശാധിപത്യം മലങ്കരസഭയുടെ മേൽ സ്ഥാപിതമായ സംഭവങ്ങളാണ് മുളന്തുരുത്തി സുന്നഹദോസും റോയൽകോടതിവിധിയും. മലങ്കരസഭയുടെ ആത്മീയവും ഭൗതീകവുമായ സകലത്തിന്റെയും അധിപതിയാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് മുളന്തുരുത്തി സുന്നഹദോസ് പ്രഖ്യാപിച്ചു. മലങ്കരസഭയുടെ ആത്മീയമേലദ്ധ്യക്ഷനാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് റോയൽകോടതിയും വിധിച്ചു. മലങ്കരയിൽ മെത്രാന്മാരെ വാഴിക്കുന്നതിനും നിയമിക്കുന്നതിനുമുള്ള അധികാരവും, മലങ്കരസഭയ്ക്ക് ആവശ്യമുള്ള മൂറോൻ കൂദാശ ചെയ്യാനുള്ള അവകാശവും പാത്രിയർക്കീസിനാണെന്ന് മുളന്തുരുത്തി സുന്നഹദോസ് തീരുമാനിക്കുകയും റോയൽകോടതി വിധിക്കുകയും ചെയ്തു.

അതിലുപരി "അന്ത്യോഖ്യായുടെ സിംഹാസനത്തുങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതിരിപ്പാൻ അതാതിടവകക്കാർ എല്ലാവരുംകൂടി ഒരു കരാർ ആധാരം എഴുതി രജിസ്റ്റർ ആക്കി പള്ളി മേമ്പൂട്ടിൽ വയ്ക്കുവാനും ഓരോ പകർപ്പ് രജിസ്ട്രാറുടെ കയ്യൊപ്പും മുദ്രയോടുംകൂടി പിതാവിനു (പാത്രിയർക്കീസിന്) കൊടുപ്പാനും മുളന്തുരുത്തി സുന്നഹദോസ് നിശ്ചയിച്ചു."

പൂർവ്വിക കാലം മുതലേ മലയാളത്തിലുള്ള സുറിയാനി പള്ളികളും പള്ളിവക നിലം പുരയിടങ്ങളും പൊൻ, വെള്ളി മുതലായ ഏർപ്പെട്ട സകല സാമാനങ്ങളും അന്ത്യോഖ്യൻ സിംഹാസനത്തിങ്കലെ സ്വന്തവകയും അവിടുത്തെ പൂർണ്ണ അധികാരത്തിൻകീഴു അടങ്ങിയതുമാകകൊണ്ട്, മററ് യാതൊരുത്തർക്കും യാതൊരു അവകാശവും ഇല്ല. മെത്രാന്മാരെയും പട്ടക്കാരെയും മററുള്ള എല്ലാ സ്ഥാനികളെയും ആക്കുന്നതിനും നീക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം തിരുമനസ്സിലേക്കാകുന്നു. തിരുമനസ്സു കൊണ്ടാക്കുന്നവർ കൈക്കൊള്ളപ്പെട്ടവരും നീക്കുന്നവർ ഉപേക്ഷിക്കപ്പെട്ടവരും ആകുന്നു. നമ്മുടെ ശുദ്ധമാന പള്ളിക്ക് ഭരമേൽപ്പിക്കപ്പെട്ടു എന്ന ശുദ്ധമുള്ള സുന്നഹദോസുകളുടെ വിശ്വാസത്തിൽ നിന്നും, നമ്മുടെ മതത്തിന്റെയും സത്യവിശ്വാസത്തിന്റെയും തലവനാകുന്ന തിരുമനസ്സിലെ കൽപനയിൽ നിന്നും വലത്തോട്ടെങ്കിലും ഇടത്തോട്ടെങ്കിലും നമ്മളും നമ്മളുടെ സന്തതികളും മരണം വരെയും വിട്ടുമാറുന്നതല്ല എന്നിങ്ങനെയായിരുന്നു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ചുകൊണ്ട് ഇടവകകൾ എഴുതിക്കൊടുത്ത രജിസ്ട്രേട് ഉടമ്പടിയിലെ വാചകങ്ങൾ.

മലങ്കരസഭയെ പൂർണ്ണമായും കീഴ്പ്പെടുത്താൻ റോമാപാപ്പായുടെ അധികാരപത്രത്തോടും പോർട്ടുഗീസ് പട്ടാളത്തിന്റെ അകമ്പടിയോടുംകൂടി വന്ന ആർച്ചുബിഷപ്പ് മെനസിസ് പോലും ഇങ്ങനെ ഒരു ഉടമ്പടിയിലൂടെ മലങ്കരസഭയുടെ പള്ളികളും സ്വത്തുക്കളും തീറെഴുതിക്കൊടുക്കുവാൻ ആവശ്യപ്പെട്ടില്ല. എന്നാൽ മലങ്കരസഭയെ സഹായിക്കുവാനെത്തിയ പത്രോസ് പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി അതാണ് ചെയ്തത്.

1889-ലെ റോയൽകോടതിവിധിയിലൂടെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരവും മേൽക്കോയ്മയും മലങ്കരസഭയുടെമേൽ നിയമപരമായി സ്ഥാപിച്ചെടുത്തു.

പാത്രിയർക്കീസിന്റെ അധികാരത്തെ സംബന്ധിച്ച് റോയൽ കോടതിവിധി താഴെപ്പപറയുന്ന കാര്യങ്ങൾ ഊന്നിപ്പറഞ്ഞു.

1. മലങ്കരസഭയുടെ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസാണ്.

2. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം പുരാതനകാലം മുതലേ മലങ്കരയിൽ വ്യാപിച്ചിരുന്നു.

3. മലങ്കരസഭയിൽ ഒരാളെ മെത്രാനാക്കണമെങ്കിൽ പാത്രിയർക്കീസിൽ നിന്നു നേരിട്ടോ അല്ലാത്ത പക്ഷം അദ്ദേഹത്തിന്റെ പ്രതിനിധികളിൽ നിന്നോ കൈവയ്പ്പു സ്വീകരിച്ചിരിക്കണം.

4. മലങ്കരയിലെ ആവശ്യത്തിനുള്ള മൂറോൻ അയച്ചുകൊടുക്കുവാനുള്ള അധികാരം പാത്രിയർക്കീസിനു മാത്രമുള്ളതാണ്.

പൂർവ്വികകാലം മുതലെ സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മലങ്കരസഭയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യത്തെയും സ്വയംഭരണാധികാരത്തെയും ഇല്ലായ്മ ചെയ്യുന്നതായിരുന്നു റോയൽകോടതിവിധി.

മുളന്തുരുത്തി സുന്നഹദോസിനുശേഷം പാത്രിയർക്കീസ് മെത്രാൻസ്ഥാനം നൽകിയവരിൽനിന്നെല്ലാം അവർ സ്ഥാനം പ്രാപിക്കുന്നതിനു മുമ്പ് പാത്രിയർക്കീസിനെ അനുസരിച്ച് നടന്നുകൊള്ളാമെന്ന് സമ്മതിക്കുന്ന ഒരു രജിസ്ട്രേഡ് ഉടമ്പടി പാത്രിയർക്കീസ് എഴുതി വാങ്ങിച്ചിരുന്നു.

സദായിപ്പോഴും താൻ പാത്രിയർക്കീസിന്റെ കൽപനയെ അനുസരിച്ച് കൈക്കൊണ്ട് ചേർന്ന് കൊള്ളുന്നു. അവിടുത്തെ വചനങ്ങളിൽ നിന്നും കാനോൻ വിധികളിൽ നിന്നും സ്ഥിരപ്പെട്ടിട്ടുള്ള ചട്ടങ്ങളിൽ നിന്നും നടപ്പുകളിൽ നിന്നും അൽപമോ, അധികമോ, ഇടത്തോട്ടോ, വലത്തോട്ടോ താൻ ഒരിക്കലും വിട്ടുമാറുന്നതല്ല. .....ഈ വാഗ്ദത്തം നമ്മുടെ പിതാവായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും വാഗ്ദത്തത്തിനു ശരിയായിരിക്കുന്നു എന്ന് ........ പൂർണ്ണമായി സമ്മതിക്കുന്നു......... എന്ന രീതിയിലായിരുന്നു മെത്രാന്മാരിൽനിന്ന് പാത്രിയർക്കീസ് എഴുതിവാങ്ങിച്ച ഉടമ്പടിയിലെ വാചകങ്ങൾ.

ഇപ്രകാരം പാത്രിയർക്കീസിന്റെ അധികാരത്തെ പൂർണ്ണമായി അംഗീകരിക്കുന്ന രജിസ്ട്രേഡ് ഉടമ്പടി എഴുതികൊടുക്കുവാനാണ് വട്ടശ്ശേരിൽ തിരുമേനിയോട് അബ്ദുള്ളാ പാത്രിയർക്കീസ് ആവശ്യപ്പെട്ടത്. വട്ടശ്ശേരിൽ തിരുമേനി അതിനു തയ്യാറായില്ല. പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. മലങ്കരസഭയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നു. അപ്പോൾ വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കരസഭാപിതാക്കന്മാർ ശക്തമായ തീരുമാനങ്ങൾ എടുത്തതിന്റെ പശ്ചാത്തലത്തിലാണ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമാകുന്നത്. ഇനിയും ഒരിക്കലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഇടപെടൽ ഉണ്ടാകാത്തതിൻവണ്ണം മെത്രാന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശചെയ്യുന്നതിനും അധികാരമുള്ള കാതോലിക്കേറ്റാണ് മലങ്കരയിൽ സ്ഥാപിതമായത്. ഉദയംപേരൂർ സുന്നഹദോസിനു ശേഷം കൂനൻകുരിശ് സത്യം നടന്നതുപോലെയുള്ള മലങ്കരസഭാചരിത്രത്തിലെ ഒരു മുന്നേറ്റമായിരുന്നു 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം.

വിദേശ മേൽക്കോയ്മയ്ക്കെതിരെ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ട പിതാക്കന്മാരുടെ പ്രവർത്തികളെ നന്ദിനിറഞ്ഞ ഹൃദയത്തോടെ അനുസ്മരിച്ചും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ഇനിയും ഒരിക്കലും വിദേശമേൽക്കോയ്മയ്ക്ക് അടിമപ്പെടുകയില്ലാ എന്ന് ശക്തമായി പ്രഖ്യാപിക്കുവാൻ മറൈൻഡ്രൈവിൽ ചേർന്ന വിശ്വാസി സമൂഹത്തിന് സാധിച്ചു എന്നതാണ് ശതാബ്ദി ആഘോഷങ്ങളുടെ ഏറ്റവും വലിയ നേട്ടം.

## കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനം....പേജ് 1-ൽനിന്ന്

വിശിഷ്ടാഥിതികൾ എത്തുന്നതും പ്രതീക്ഷിച്ച് അക്ഷമരായി ജനങ്ങൾ കാത്തുനിന്നു. എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽനിന്ന് പ.കാതോലിക്കാ ബാവായും അഭിവന്ദ്യ തിരുമേനിമാരും മൂന്നുമണിയോടെ മറൈൻഡ്രൈവിലേക്ക് അടുത്തപ്പോൾ ആകാശത്തു പറന്ന ഹെലികോപ്റ്ററിൽനിന്ന് ഘോഷയാത്രയ്ക്കു മേൽ പുഷ്പവൃഷ്ടി നടത്തി. സ്പെഷ്യൽ സെക്യൂരിറ്റി ഭടന്മാരുടെ അകമ്പടിയോടുകൂടി പ്രത്യേക വാഹനത്തിൽ ദലൈലാമ എത്തിച്ചേർന്നു. അതിന്റെ പിന്നാലെ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും മുൻ രാഷ്ട്രപതി എപിജെ.അബ്ദുൾ കലാമും തൊട്ടുപിന്നാലെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും കേന്ദ്രമന്ത്രി കെ.വി.തോമസും വേദിയിലെത്തി. സമ്മേളനത്തിനു മുമ്പ് മലങ്കരസഭയുടെ സംഗീതമായ ശ്രുതിസ്ക്കൂൾ ഓഫ് മ്യൂസ്ക്സ് അവതരിപ്പിച്ച ഗാനശുശ്രൂഷ, ഫാ.എബി ഫിലിപ്പും സംഘവും അവതരിപ്പിച്ച കഥാപ്രസംഗം, വിവിധ ഇടവകകളിൽനിന്ന് അവതരിപ്പിച്ച മാർഗ്ഗംകളി, പരിചമുട്ടുകളി തുടങ്ങിയ പരിപാടികൾ സമ്മേളനത്തിന് കൊഴുപ്പേകി.

## നന്ദി പ്രദർശിപ്പിച്ചു.....പേജ് 1-ൽനിന്ന്

ശിരസ്സാ വഹിച്ച്, മലങ്കരസഭയുടെ അഭിമാനം ഉയർത്തിയ, നിങ്ങളെയും നിങ്ങളുടെ തലമുറകളെയും ദൈവംതമ്പുരാൻ വാഴ്ത്തി അനുഗ്രഹിക്കട്ടെ. പരിശുദ്ധ സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മുടെ കരങ്ങൾക്ക് ശക്തിപകർന്നുകൊണ്ട് കാതോലിക്കേറ്റിന്റെ കാവൽഭടരായി തുടർന്നും നിങ്ങൾ ഏവരും നിലകൊള്ളണെന്ന് നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

## ശതാബ്ദി മഹാസമ്മേളനം സന്ദേശയാത്രയുടെ വിജയം

ബാബു പാറയിൽ (മാനേജിംഗ് കമ്മിറ്റി അംഗം)

എറണാകുളത്ത് നടന്ന കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമം മലങ്കരസഭയ്ക്ക് അഭിമാനിക്കത്തക്കരീതിയിൽ ഒരു വൻവിജയമായിരുന്നു. മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിൽനിന്ന് ആയിരക്കണക്കിന് വിശ്വാസികളാണ് മഹാസംഗമത്തിന് എറണാകുളത്ത് വന്നെത്തിയത്. സഭാംഗങ്ങൾക്ക് സഭയോടുള്ള കൂറും സ്നേഹവും പ്രതിബദ്ധതയും വിളിച്ചറിയിക്കുന്നതായിരുന്നു എറണാകുളം സമ്മേളനം. എറണാകുളം സമ്മേളനത്തിന്റെ വൻ വിജയത്തിന് പല ഘടകങ്ങളുണ്ടെങ്കിലും സമ്മേളനവിജയത്തിന് ഏറ്റവും കൂടുതൽ സഹായിച്ചത് സമ്മേളനത്തിന് മുന്നോടിയായി നടത്തിയ ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്രയാണ് എന്നതിന് സംശയമില്ല. തിരുവനന്തപുരം മുതൽ ബത്തേരി വരെയുള്ള കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലൂടെയും ചെന്നൈ, ബാംഗ്ലൂർ, ബ്രഹ്മവാർ ഭദ്രാസനങ്ങളിലൂടെയും നടന്ന സന്ദേശയാത്ര കാതോലിക്കേറ്റിനെക്കുറിച്ച് വിശ്വാസികളുടെയിടയിൽ ആവേശമുണർത്തുവാൻ കാരണമായി. സന്ദേശയാത്രയുടെ യഥാർത്ഥ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് വിശ്വാസികൾ എറണാകുളത്ത് എത്തിച്ചേർന്നു. എറണാകുളം സമ്മേളനത്തിന്റെ വിജയത്തിന് കാരണമായ എല്ലാവരേയും അഭിനന്ദിക്കുന്നു. അതോടൊപ്പം എല്ലാ ഭദ്രാസനങ്ങളിലും സന്ദർശനം നടത്തി കാതോലിക്കേറ്റ് ശതാബ്ദി സന്ദേശയാത്ര സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ഫാ.ഡോ.എം.ഒ. ജോണും, ഭദ്രാസന സെക്രട്ടറിമാരും, സഭാസ്ഥാനികളും അഭിനന്ദനം അർഹിക്കുന്നു.

## കാതോലിക്കേറ്റ് ശതാബ്ദി ചാരിറ്റി ഫണ്ട്

അടൂർ : അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനവും കാതോലിക്കേറ്റ് ശതാബ്ദി ചാരിറ്റി ഫണ്ട് ഉദ്ഘാടനവും നടത്തി. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം കണ്ണംകോട് സെന്റ് മേരീസ് കത്തീഡ്രലിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഭദ്രാസനാധിൻ ഡോ.സഖറിയാ മാർ അപ്രേം അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ. എം.ഒ.ജോൺ കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണം നിർവ്വഹിച്ചു. പത്തുലക്ഷം രൂപയുടെ ശതാബ്ദി ചാരിറ്റി ഫണ്ട് ഭദ്രാസനത്തിന്റേതായി സമർപ്പിച്ചു. നഗരസഭാദ്ധ്യക്ഷൻ ഉമ്മൻ കെ.തോമസും സാമൂഹിക സാംസ്ക്കാരിക നേതാക്കളും പ്രസംഗിച്ചു.

## ദേവാലയകൂദാശയും സുവർണ്ണ ജൂബിലിയും

വയനാട് : കണിയാമ്പറ്റ സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനിപള്ളിയുടെ സുവർണ്ണ ജൂബിലിയും പുതിയ പള്ളിയുടെ കൂദാശയും ഇടവകമദ്ധ്യസ്ഥന്റെ ഓർമ്മപ്പെരുന്നാളും സംയുക്തമായി 2013 ജനുവരി 18,19 തീയതികളിൽ ആഘോഷിക്കും. റവ.ഏബ്രഹാം മാത്യു കോർഎപ്പിസ്കോപ്പാ എടയക്കാട്ട്, കെ.എം.ഫിലിപ്പ്, പി.പി.പോൾ, പി.കെ. ജോർജ്, കെ.എം.തങ്കച്ചൻ, ബിജു സ്ക്കറിയാ തുടങ്ങിയവർ നേതൃത്വം നൽകും.

## വൃക്ക ആവശ്യമുണ്ട് – സഹായം തേടുന്നു

**ആഴ്ചയിൽ രണ്ടുതവണ ഡയാലിസിസ് നടത്തിവരുന്നതും സാമ്പത്തിക പ്രയാസം അനുഭവിക്കുന്നതും, രണ്ട് വയസ്സുള്ള പെൺകുഞ്ഞിന്റെ പിതാവുമായ ഓർത്തഡോക്സ് യുവാവിന് (33 വയസ്സ്) ഒ പോസിറ്റീവ് വൃക്ക ആവശ്യമുണ്ട്. സന്മനസ്സുകളുടെ സഹായം തേടുന്നു. ഫോൺ : 9544493012, 9544887577**

## ജീവകാരുണ്യത്തിലൂടെ മഹത്വം ഉയർത്തണം : പ.കാതോലിക്കാ ബാവാ

തിരുവനന്തപുരം : ഓർത്തഡോക്സ് സഭ സ്വന്തം ശക്തി തിരിച്ചറിഞ്ഞ് ജീവകാരുണ്യ പ്രവർത്തനം വ്യാപിപ്പിക്കുമ്പോൾ ലോകത്തിനു മുന്നിൽ സഭയുടെ മഹത്വം ഉയർത്തിക്കാട്ടാനാകുമെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ നൽകുന്ന രണ്ടരകോടി രൂപയുടെ ധനസഹായം വിതരണം ചെയ്യുന്ന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു പ.ബാവാ. മനുഷ്യൻ നാലു ചുറ്റും മതിൽകെട്ടി അതിനുള്ളിൽ ചുരുങ്ങുന്ന കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ ദുബായ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കു വലിയ സ്ഥാനമുണ്ട്. ഓർത്തഡോക്സ് സഭ ലോകവ്യാപകമായി ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവിടുന്ന തുക വളരെ വലുതാണെന്നും അവയുടെ കണക്കുകൾ ക്രോഡീകരിച്ച് വിവിധ ഭദ്രാസനങ്ങളും പള്ളികളും സഭാനേതൃത്വത്തെ അറിയിക്കണമെന്നും കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. സ്പീക്കർ ജി.കാർത്തികേയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡൽഹി ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് അദ്ധ്യക്ഷത വഹിച്ചു.

## അൺഇക്കണോമിക്ക് വേർതിരിവ് നിർത്തലാക്കണം

ജോൺ വർഗീസ് മോളേത്ത്
അടൂർ

കുട്ടികൾ കുറവുള്ള സ്ക്കൂളുകളെ അൺഇക്കണോമിക്ക് എന്ന പേരിൽ വേർതിരിക്കുന്ന ഏർപ്പാട് രക്ഷിതാക്കൾക്കിടയിലും സമൂഹത്തിലും തെറ്റായ സന്ദേശമാണ് നൽകുന്നത്. അതിനാൽ ഇക്കണോമിക്ക് - അൺഇക്കണോമിക്ക് എന്ന വേർതിരിവ് പൂർണ്ണമായും നീക്കണം.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഷാജി മൈലപ്ര**

## 28 ഇടയന്മാർ പറയുന്നു

### അഭിമുഖഗ്രന്ഥം ഉടൻ പുറത്തിറങ്ങുന്നു

വലിയ ബാവാതിരുമേനി, പ.കാതോലിക്കാ ബാവാ ഉൾപ്പെടെ ഓർത്തഡോക്സ് സഭയിലെ 21 ബിഷപ്പുമാരും 3 റമ്പാന്മാരും 4 പ്രമുഖ വൈദികരുമായി റോയ് ചാക്കോ ഇളമണ്ണൂർ നടത്തിയ അഭിമുഖം പുസ്തകമായി പ്രസിദ്ധീകരിക്കുന്നു.

1100ൽ ഏറെ ചോദ്യങ്ങൾക്ക് ലഭിച്ചിരിക്കുന്ന മറുപടിയിൽ 17 ഭദ്രാസനങ്ങളിലെ സമഗ്ര വിവരങ്ങളും ആചാര്യന്മാരുടെ ആത്മീയചിന്താഗതികളും ഉൾപ്പെടുന്നു.

പ്രൊഫ.ഡി.മാത്യു (സോഫിയ പബ്ലിക്കേഷൻസ്) പ്രസാധകൻ. 450ൽ ഏറെ പേജുള്ള ഗ്രന്ഥത്തിന്റെ വില 200 രൂപ.

ഏറ്റവും കുറഞ്ഞത് 10 കോപ്പിക്ക് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് സൗജന്യനിരക്കായ 1000 രൂപയ്ക്ക് എത്തിച്ചുകൊടുക്കും. ഈ പ്രീപബ്ലിക്കേഷൻ നിരക്ക് 2012 ഡിസംബർ 31 വരെ മാത്രം. തുക മണിഓഡറായോ ചെക്കായോ അയക്കേണ്ട വിലാസം :

**പ്രൊഫ.ഡി.മാത്യു, എബനേസർ ഗാർഡൻസ്, കുടപ്പനക്കുന്ന് പി. ഒ., തിരുവനന്തപുരം - 695043**

ഒരു കോപ്പി പ്രീപബ്ലിക്കേഷൻ നിരക്കിൽ (150 രൂപാ) വേണമെന്നുള്ളവർ 9446529577 എന്ന നമ്പറിൽ വിളിക്കുക.

ഈ ഗ്രന്ഥത്തെക്കുറിച്ച് വേദശാത്രപണ്ഡിതനായ ഫാ.ഡോ.റ്റി.ജെ.ജോഷ്വാ ഇപ്രകാരം പുസ്തകത്തിൽ വിലയിരുത്തുന്നു :-

സഭയുടെ ആധുനിക ചരിത്രത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണമായി ഈ കൃതിയെ കാണാം. മലങ്കരസഭയുടെ മിനിവിജ്ഞാനകോശമെന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. അവധാനപൂർണ്ണമായ ചിന്തയും പഠനവും നടത്തിയാണ് ചോദ്യങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ചരിത്രവും ജീവചരിത്രവുമുണ്ട്. ആത്മീയദർശവും വേദശാസ്ത്ര വിചിന്തനവുമുണ്ട്. സ്ഥിതിവിവരക്കണക്കുകളും സഭയുടെ സാക്ഷ്യചിത്രവുമുണ്ട്. ഭാവിയെപ്പറ്റിയുള്ള സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട്. സമാനതയില്ലാത്ത ഈ കൃതിയുടെ വായന എനിക്ക് ഹൃദ്യമായ അനുഭവം നൽകി എന്നു സാക്ഷിക്കുന്നു. മലങ്കരസഭാമക്കൾ ഏവരും വായിച്ചിരിക്കേണ്ട ഒന്നാണ് ഈ ഗ്രന്ഥം.

## പത്തനാപുരത്ത് ശ്രാദ്ധപ്പെരുന്നാൾ

പത്തനാപുരം : നിരണം ഭദ്രാസന മെത്രാപ്പോലീത്തായും മൗണ്ട് താബോർ ദയറായുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സ്ഥാപകാദ്ധ്യക്ഷനുമായ മാർ തോമ്മാ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 40-ാമത് ഓർമ്മപ്പെരുന്നാളും ദയറാംഗവും മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്തായുമായ സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 15-ാമത് ശ്രാദ്ധപ്പെരുന്നാളും, ദയറാംഗവും ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഒന്നാമത് ശ്രാദ്ധപ്പെരുന്നാളും സംയുക്തമായി ആ വന്ദ്യ പിതാക്കന്മാർ അന്ത്യവിശ്രമംകൊള്ളുന്ന പത്തനാപുരം സെന്റ് സ്റ്റീഫൻസ് മൗണ്ട് താബോർ ദയറാ ചാപ്പലിൽ ഡിസംബർ 2,3 തീയതികളിൽ ആഘോഷിക്കും. മൂന്നാം തീയതി നടക്കുന്ന വി.മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവാ, പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവർ പ്രധാന കാർമ്മികത്വം വഹിക്കും. ഡോ.ഡി.ബാബു പോൾ ഐ.എ.എസ്. മാർ തോമ്മാ ദീവന്നാസിയോസ് സ്മാരക പ്രഭാഷണം നടത്തും. റവ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, പ്രൊഫ.തോമസ് കുരുവിള തുടങ്ങിയവർ പ്രസംഗിക്കും.

## THANKS GIVING SAINT CLARE'S PRAYER

May the Secred Heart of Jesus be praised, adored, glorified & loved today and everyday throughout the world, now and forever, Amen. Ask St.Claire for three favours two imposible and say nine Hail Mary's and the above prayer for nine days, with a lighted candle. Pray whether you believe or not and publish on the ninth day. Your reguest will be granted no matter how imposible it is.

**RUBY JOSE**

## പ്രതിഭാ സമ്മേളനം

എം.ജി.ഒ.സി.എസ്.എം. കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് നടത്തിയ മലങ്കരസഭാ പ്രതിഭാ സംഗമത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട നാൽപത്തിരണ്ടുപേരെ ആദരിച്ചു. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മലങ്കരസഭയിൽ അസോസിയേഷൻ സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ച എറികാട് ഇ.ജെ. ജോസഫിനെ (ബേബിച്ചായൻ) പ്രത്യേകം ആദരിച്ചു. കേരളാ അക്കൗണ്ട്സ് ജനറൽ ബിജു ജേക്കബ് മുഖ്യസന്ദേശം നൽകി.

## മെറിറ്റ് അവാർഡ്

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് ലഭിച്ചവർക്കും യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് ലഭിച്ചവർക്കും മെറിറ്റ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. നൂറു വിദ്യാർത്ഥികൾ പങ്കെടുത്ത ക്വയർ സമ്മേളനത്തിനു മിഴിവേകി.

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

Vol. 19 Issue 3
December 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/
163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ——— ജോയി കുളനട




## കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം

ചെങ്ങന്നൂർ : മെഴുവേലി ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയപള്ളിയിലെ കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനം നവംബർ 18 ഞായറാഴ്ച 2.30ന് ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. ഫാ. ഡോ.എം.ഒ.ജോൺ ശതാബ്ദി സന്ദേശം നൽകി. വികാരി ഫാ.ജേക്കബ് ചെറിയാൻ, പി.എം.ജേക്കബ്, മാത്യു സ്ക്കറിയാ, ജോൺ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഓർമ്മപ്പെരുന്നാൾ

തുമ്പമൺ : ഭാഗ്യസ്മരണാർഹരായ ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരുടെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി ഡിസംബർ 9 മുതൽ 13 വരെ തീയതികളിൽ അഭിവന്ദ്യ പിതാക്കന്മാർ അന്ത്യവിശ്രമംകൊള്ളുന്ന ബേസിൽ അരമനചാപ്പലിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷിക്കും. നവീകരിച്ച ഭദ്രാസന ഓഫീസ് കൂദാശ, മ്യൂസിയം കൂദാശ തുടങ്ങിയവയും പെരുന്നാളിനോടനുബന്ധിച്ച് നടത്തും.

## കാതോലിക്കേറ്റ് സഭാസ്വാതന്ത്ര്യത്തിന്റെ പ്രതീകം : ഡോ. യാക്കോബ് മാർ ഐറേനിയോസ്

പ്രവീൺ ജോബ് പെങ്ങാമുക്ക്

പെങ്ങാമുക്ക് : മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ കാതോലിക്കാ സ്ഥാപനം സഭാസ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് എന്ന് കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. സുപ്രസിദ്ധമായ പെങ്ങാമുക്ക് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പഴയപള്ളിയിലെ വൃശ്ചികം ഒന്ന് പെരുന്നാളിന് (പ.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ) മുഖ്യകാർമ്മികത്വം വഹിച്ചുകൊണ്ട് നടന്ന വി.കുർബ്ബാന മദ്ധ്യേ സംസാരിക്കുകയായിരുന്നു തിരുമേനി. പ.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ മദ്ധ്യസ്ഥത സഭയ്ക്ക് കാവലും കോട്ടയുമാണ്. ഇടവകയിൽ ത്യാഗങ്ങളനുഭവിച്ച് സത്യവിശ്വാസത്തിൽ നിലനിർത്തിയ പൂർവ്വിക മാതാപിതാക്കന്മാരെ ഓർക്കുവാൻ തിരുമേനി ഉദ്ബോധിപ്പിച്ചു. പെങ്ങാമുക്ക് പഴയപള്ളിയിൽ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന് പോരാടിയ സി.സി.ഐപ്പുരു കൊച്ചേട്ടനെ തിരുമേനി അനുസ്മരിച്ചു. നവംബർ 13,14 തീയതികളിൽ നടന്ന പെരുന്നാളിന് 13-ാം തീയതി 6.45ന് സന്ധ്യാനമസ്ക്കാരവും തുടർന്ന് 8മണിക്ക് സെമിത്തേരി ചാപ്പലിലേക്ക് നടന്ന പ്രദക്ഷിണത്തിൽ കത്തിച്ച മെഴുകുതിരികളുമായി നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. 14-ാം തീയതി 7.30ന് പ്രഭാത നമസ്ക്കാരം, 8.45ന് വി.കുർബ്ബാനയും തുടർന്ന് പടിഞ്ഞാറേ കുരിശിലേക്ക് പ്രദക്ഷിണവും തുടർന്ന് ശ്ലൈഹിക വാഴ്വും നടന്നു. ഇടവകയിൽ ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ച പുലിക്കോട്ടിൽ ജോൺ കശീശാ മെമ്മോറിയൽ ക്യാഷ് അവാർഡ് ഇടവകയിൽനിന്ന് എസ്.എസ്. എൽ.സി.ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ സിജോ പി.കെ.യ്ക്ക് അഭിവന്ദ്യ തിരുമേനി നൽകുകയുണ്ടായി. തുടർന്ന് കൈമുത്തും പൊതുസദ്യയും നടന്നു. വടക്കൻ ഭാഗത്ത് രൂക്ഷമായ സഭാതർക്കം നിലനിൽക്കുന്ന പെങ്ങാമുക്ക് പഴയപള്ളിയിലെ എല്ലാ കോടതിവിധികളും ഓർത്തഡോക്സ് സഭയ്ക്ക് പൂർണ്ണമായും അനുകൂലവും പള്ളിയും സ്വത്തുക്കളും പൂർണ്ണമായും 1934 -ലെ ഭരണഘടനാപ്രകാരം കൊച്ചി ഇടവക മെത്രാപ്പോലീത്തായിൽ നിക്ഷിപ്തവുമാണ്. കാതോലിക്കേറ്റ് ശതാബ്ദി വർഷത്തിൽ പള്ളിയിലേക്ക് തിരുമേനി എത്തിയത് ഇടവക വിശ്വാസികളിൽ വൻ ആവേശം വിതറി. പെരുന്നാൾ ചടങ്ങുകൾക്ക് തൃശൂർ, കുന്നംകുളം, കൊച്ചി മലബാർ ഭദ്രാസനങ്ങളിൽനിന്ന് നിരവധി വൈദികരും നൂറുകണക്കിന് വിശ്വാസികളും പങ്കെടുത്തു. പെരുന്നാൾ ചടങ്ങുകൾക്ക് ഇടവക വികാരി ഫാ. ജോൺ പുലിക്കോട്ടിൽ, അസി.വികാരി ഫാ.ഗീവർഗീസ് തോമസ്, സി.യു.ജോസ്, എഡ്വിൻ ജിജോ, ഭരണസമിതി അംഗങ്ങൾ, ആത്മീയ സംഘടനാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## മാർത്തോമ്മൻ സ്മൃതിയാത്രയിൽ ശ്രദ്ധേയമായി മാർത്തോമ്മൻ പൈതൃക കഥാപ്രസംഗം

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള ഭാരതീയം മാർത്തോമ്മൻ സ്മൃതിയാത്രയിൽ വിവിധ ഭദ്രാസന കേന്ദ്രങ്ങളിലെ പൊതുസമ്മേളനങ്ങളിൽവെച്ച് നടത്തപ്പെട്ട പ.മാർത്തോമ്മൻ പൈതൃക വഴിയേ എന്ന കഥാപ്രസംഗം സർവ്വരുടെയും പ്രശംസപിടിച്ചുപറ്റി. എ.ഡി.52 മുതൽ ഇന്നുവരെയുള്ള പ.സഭയുടെ വളർച്ചയുടെ ഘട്ടങ്ങൾ, വൈദേശികസഭകളുടെ കടന്നാക്രമണത്തെ ചെറുത്തു തോൽപിച്ച പ.പിതാക്കന്മാരുടെ ത്യാഗോജ്ജ്വലമായ ജീവിതനിലപാടുകൾ, മലങ്കരസഭയുടെ അപ്പോസ്തോലികതയുടെയും പൗരാണികതയുടെയും അഖണ്ഡതയുടെയും പ്രതീകമായ കാതോലിക്കേറ്റിന്റെ പ്രസക്തി, 21-ാം നൂറ്റാണ്ടിൽ പ.സഭയുടെ ദൗത്യം ഇവയെല്ലാം ഉൾപ്പെടുത്തി വികാരനിർഭരമായി അവതരിപ്പിക്കപ്പെട്ടു. കാതോലിക്കേറ്റ് ശതാബ്ദിയുടെ പബ്ലിസിറ്റിയുടെ ഭാഗമായിട്ടാണ് ഇത് അവതരിപ്പിച്ചത്. പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ സേവേറിയോസ് തിരുമേനിയും, മലങ്കരസഭാമാസിക ചീഫ് എഡിറ്റർ ഫാ.ജോൺ തോമസ് കരിങ്ങാട്ടിലും വേണ്ട നേതൃത്വവും നിർദ്ദേശവും നൽകുന്നു.

ഈ കഥാപ്രസംഗത്തിന്റെ ചരിത്രവിശകലന രചന നിർവ്വഹിച്ചിരിക്കുന്നത് ഷാർജ യുവജനപ്രസ്ഥാന അംഗവും യു.എ.ഇ. സോണൽ സെക്രട്ടറിയുമായ ജിബു കുര്യൻ എടത്വ ആണ്. ഗാനരചന നിർവ്വഹിച്ചിരിക്കുന്നതു അതേ യൂണിറ്റിലെ അംഗങ്ങളായ അലക്സ് വർഗീസ്, സാം തോമസ്, ഫിലിപ്പോസ് ചാണ്ടി എന്നിവരാണ്.

കഥാപ്രസംഗത്തിന്റെ അവതാരകൻ ഫാ.എബി ഫിലിപ്പ് കാർത്തികപള്ളി ആണ്. ഗാനങ്ങൾ ആലപിക്കുന്നത് മാവേലിക്കര ഭദ്രാസന ശ്രുതി ഗായകസംഘത്തിലെ അംഗങ്ങളായ ഷിബു ചേപ്പാട്, സജു കുന്നം, മോൻസി കല്ലിമേൽ, റോബി രാമപുരം, അലിൻ മുട്ടം എന്നിവരാണ്. കീ-ബോർഡ് - അരുൺ തോനയ്ക്കാട്, തബല - സഞ്ചു വഴിവാടി, റിഥം പാഡ് - ഷിജു തോനയ്ക്കാട് എന്നിവർ പ്രവർത്തിക്കുന്നു. ശബ്ദനിയന്ത്രണം ബാബു ഹരിപ്പാട്, സാങ്കേതിക സഹായങ്ങൾ റിസപ്ഷൻ കമ്മിറ്റി കൺവീനർ റോണി കരിപ്പുഴയും പബ്ലിസിറ്റി കൺവീനർ സണ്ണി പുഞ്ചമണ്ണിലും നിർവ്വഹിക്കുന്നു. നവംബർ 25നന് മറൈൻഡ്രൈവിൽവെച്ച് നടന്ന നസ്രാണി മഹാസമ്മേളനത്തിൽ ഉച്ചയ്ക്കു രണ്ടുമണി മുതൽ ഈ കഥാപ്രസംഗം വീണ്ടും അവതരിപ്പിച്ചു.

## മനസ്സറിയാൻ - 2012

മല്ലപ്പള്ളി : നിരണം ഭദ്രാസനത്തിലെ മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ യുവാക്കൾക്കുവേണ്ടി മനസ്സറിയാൻ - 2012 എന്ന പേരിൽ ഒരു കോൺഫറൻസ് നവംബർ 13 ചൊവ്വ രാവിലെ 9.30ന് ശതോത്തര രജതജൂബിലി ആഘോഷിക്കുന്ന പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് നടത്തപ്പെട്ടു. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷണം നടത്തി. ഫാ.ഡെന്നി ഫിലിപ്പ് (മാർത്തോമ്മാസഭ), ഫാ.ജോർജ് പി.ഏബ്രഹാം പയ്യംപള്ളിൽ, ഫാ.പി.കെ.ഗീവർഗീസ് പടിഞ്ഞാറേമണ്ണിൽ (എം.ജി.ഒ.സി.എസ്.എം ഭദ്രാസന വൈസ് പ്രസിഡന്റ്), കെ.ഇ.ഏബ്രഹാം (ഭദ്രാസന സെക്രട്ടറി), ഫാ.എ.പി.തോമസ് ഐരൂത്തറയിൽ, തോമസ് ഐസക് വടക്കേടത്ത് തുടങ്ങിയവർ സംബന്ധിച്ചു.

## ഫാ. ഡോ. വി. സി. സാമുവലിന്റെ വാർഷിക സ്മരണ

ഓമല്ലൂർ : വേദശാസ്ത്രജ്ഞനും സഭാപിതാവുമായിരുന്ന ഫാ.ഡോ.വി.സി.സാമുവലിന്റെ 14-ാം വാർഷിക സ്മരണ കാളിയാങ്കലായ ഇടയിൽ കുടുംബയോഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി. അനുസ്മരണയോഗത്തിൽ ഇ.ഐ.ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.ജോർജ് തോമസ്, ജോയി മെഴുവേലി, ഇ.ജെ.വർഗീസ്, ഡോ.ജിഷി വർഗീസ് എന്നിവർ പ്രസംഗിച്ചു. ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടത്തിയ അനുസ്മരണ ശുശ്രൂഷയിൽ വികാരി ഫാ.ടി.എ.ഇടയാടി പ്രഭാഷണം നടത്തി.

## കൊട്ടാരക്കര കൺവൻഷൻ

കൊട്ടാരക്കര : മലങ്കര ഓർത്തഡോക്സ് സഭയുടെ പുരാതന കൺവൻഷനുകളിൽ ഒന്നായ കൊട്ടാരക്കര കൺവൻഷൻ 2013 ജനുവരി 20 മുതൽ 27 വരെ കൊട്ടാരക്കര മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ ഗ്രൗണ്ടിൽ തയ്യാറാക്കുന്ന പന്തലിൽ വെച്ച് നടത്തും. ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനസമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കും. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യും.

## പെരുന്നാളും കൺവൻഷനും

ജബൽപൂർ : സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ പെരുന്നാളും കൺവൻഷനും നവംബർ 8 മുതൽ 12 വരെ നടത്തപ്പെട്ടു. വികാരി ഫാ.കെ.കെ.ജോസഫ്, ട്രസ്റ്റി, സെക്രട്ടറി എന്നിവർ നേതൃത്വം നൽകി. വിവിധ ദിവസങ്ങളിൽ നടന്ന കൺവൻഷൻ യോഗങ്ങളിൽ ഫാ.എബി ഫിലിപ്പ് കാർത്തികപ്പള്ളി പ്രസംഗിച്ചു.

HOUSE PLOT FOR SALE

പാമ്പാടി ടൗൺ - കൂരോപ്പട മെയിൻ റോഡിൽ ഒന്നാം മൈലിൽ റോഡിന് ഇരുവശങ്ങളിലുമായി കിഴക്കോട്ട് അഭിമുഖമായി വീടുവെയ്ക്കുവാൻ അനുയോജ്യമായ 17 സെന്റ് സ്ഥലം വില്പനയ്ക്ക്. Contact No. 09538537527

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor